2023
SEPTEMBER
21
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## പുതിയ വന്ദേഭാരത് ട്രെയിൻ റേക്ക് എത്തി

**ചെന്നൈ:** കാസർകോട് തിരുവനന്തപുരം റൂട്ടിൽ 24 ന് സർവീസ് ആരംഭിക്കുന്ന വന്ദേഭാരത് ട്രെയിനിന്റെ റേക്ക് കേരളത്തിലെത്തിച്ചു. ട്രെയിൻ ഇന്നു കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ എത്തും. പരിശോധനകൾ പൂർത്തിയാക്കി തിരുവനന്തപുരം കാസർകോട് റൂട്ടിൽ ട്രയൽ റൺ നടത്തിയ ശേഷമായിരിക്കും സർവീസ് തുടങ്ങുക. ഓറഞ്ചും കറുപ്പും കലർന്ന പുതിയ നിറത്തിലുള്ളവയാണിവ.

തിരുനെൽവേലിചെന്നൈ, ചെന്നൈ  വിജയവാഡ വന്ദേഭാരത് എക്സ്പ്രസുകളും പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ലാഗ് ഓഫ് ചെയ്യും. ഇതോടെ, ദക്ഷിണറെയിൽവേയ്ക്കു കീഴിലുള്ള വന്ദേഭാരത് എക്സ്പ്രസുകളുടെ എണ്ണം ആറാകും.

തിരുവനന്തപുരം കാസർകോട് റൂട്ടിൽ 8.05 മണിക്കൂർ കൊണ്ടും തിരികെ 7.55 മണിക്കൂർ കൊണ്ടും ട്രെയിൻ ഓടിയെത്തുമെന്നാണു പ്രതീക്ഷിക്കുന്നത്. ആകെ 537.07 കിലോമീറ്ററാണ് ആലപ്പുഴ വഴി തിരുവനന്തപുരം  കാസർകോട് റൂട്ടിലെ ദൂരം. ശരാശരി 72.39 കിലോമീറ്റർ വേഗമാണ് വന്ദേഭാരത് പ്രതീക്ഷിക്കുന്നത്.

## വനിതാ സംവരണ ബിൽ ലോക്സഭ പാസാക്കി

### അനുകൂലിച്ച് 454 എംപിമാർ, എതിർത്ത് 2 പേർ

**ന്യൂഡൽഹി:** ലോക്സഭയിലും നിയമസഭകളിലും 33% സീറ്റ് വനിതകൾക്കായി സംവരണം ചെയ്യുന്ന ഭരണഘടനാഭേദഗതി ബിൽ ലോക്സഭയിൽ പാസായി. 454 എംപിമാർ ബില്ലിനെ അനുകൂലിച്ചും 2 എംപിമാർ എതിർത്തും വോട്ട് ചെയ്തു. സ്ലിപ് നൽകിയാണ് ബില്ലിൻമേൽ വോട്ടെടുപ്പ് നടത്തിയത്. വോട്ടെടുപ്പിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ലോക്സഭയിലെത്തിയിരുന്നു. ബിൽ നാളെ രാജ്യസഭ പരിഗണിക്കും.

എഐഎംഐഎമ്മിന്റെ അസദുദ്ദീൻ ഉവൈസിയും ഇംതിയാസ് ജലീലുമാണ് ബില്ലിനെ എതിർത്ത് വോട്ട് ചെയ്തതെന്നാണ് റിപ്പോർട്ട്. അസദുദ്ദീൻ ഉവൈസിയുടെ ഭേദഗതി നിർദേശം സഭ ശബ്ദവോട്ടോടെ തള്ളിയിരുന്നു. ന്യൂനപക്ഷങ്ങൾക്കും പിന്നാക്കക്കാർക്കും ഉപസംവരണം വേണമെന്നായിരുന്നു നിർദേശം. ഭരണഘടനയുടെ 128ാം ഭേദഗതിയാണിത്. 'നാരി ശക്തി വന്ദൻ അധിനിയം' എന്നാണ് ബില്ലിന് പേരിട്ടിരിക്കുന്നത്. വനിതാ സംവരണ ബിൽ ആദരവിന്റെ അടയാളവും പുതിയ യുഗത്തിന്റെ തുടക്കവുമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. വനിതാ സംവരണം നടപ്പാക്കാൻ മണ്ഡലപുനർനിർണയം അനിവാര്യമെന്ന് നിയമമന്ത്രി പറ!ഞ്ഞു.

ബിൽ പുതിയ പാർലമെന്റ് മന്ദിരത്തിലെ ആദ്യസിറ്റിങ്ങിൽ ലോക്സഭയിൽ അവതരിപ്പിച്ചിരുന്നു. നിലവിൽ പട്ടികവിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ളതിൽ മൂന്നിലൊന്നു സീറ്റ് ആ വിഭാഗത്തിലെ വനിതകൾക്കായി നീക്കിവയ്ക്കാനും വ്യവസ്ഥയുള്ളതാണു നിയമമന്ത്രി അർജുൻ റാം മേഘ്‌വാൾ അവതരിപ്പിച്ച ബിൽ. ഭേദഗതി നടപ്പിലായി 15 വർഷത്തേക്കാണ് സംവരണം. എന്നാൽ, ഈ കാലാവധി നീട്ടാനും ബില്ലിൽ വ്യവസ്ഥയുണ്ട്.

# കാനഡയിലെ ഇന്ത്യക്കാർക്ക് ജാഗ്രതാനിർദേശം

**ന്യൂഡൽഹി:** ഖലിസ്ഥാൻ വിഷയത്തിൽ കാനഡയുമായുള്ള നയതന്ത്ര ബന്ധം മോശമായതിനു പിന്നാലെ, അവിടെയുള്ള ഇന്ത്യൻ പൗരന്മാരും അവിടേക്കു യാത്ര ചെയ്യാൻ തയാറെടുക്കുന്നവരും അതീവ ജാഗ്രത പാലിക്കണമെന്നു കേന്ദ്ര സർക്കാർ നിർദേശിച്ചു. കാനഡയിൽ വർധിച്ചുവരുന്ന ഇന്ത്യ വിരുദ്ധ പ്രവർത്തനങ്ങളും വിദ്വേഷ ആക്രമണങ്ങളും കണക്കിലെടുത്താണ് വിദേശകാര്യമന്ത്രാലയത്തിന്റെ മുന്നറിയിപ്പ്. ഇന്ത്യൻ വിദ്യാർഥികൾക്കു പ്രത്യേക ജാഗ്രതാനിർദേശമുണ്ട്.

ഇന്ത്യ വിരുദ്ധ നീക്കങ്ങളെ എതിർത്തതിന്റെ പേരിൽ ചില നയതന്ത്ര ഉദ്യോഗസ്ഥർക്കും ഇന്ത്യൻ പൗരന്മാർക്കുമെതിരെ ഈയിടെ ഭീഷണിയുണ്ടായിട്ടുണ്ടെന്നു മുന്നറിയിപ്പിൽ പറയുന്നു. കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മിഷൻ, കോൺസുലേറ്റുകൾ എന്നിവയുടെ വെബ്സൈറ്റുകൾ വഴിയോ മദദ് പോർട്ടൽ വഴിയോ ഇന്ത്യൻ പൗരന്മാർ റജിസ്റ്റർ ചെയ്തിരിക്കണമെന്നും നിർദേശമുണ്ട്.



കൃത്യം ഒരു വർഷം മുൻപ്, 2022 സെപ്റ്റംബർ 23നും ഇന്ത്യ സമാന മുന്നറിയിപ്പ് നൽകിയിരുന്നു. പ്രത്യേക സിഖ് രാജ്യം വേണമെന്ന ആവശ്യമുയർത്തി കാനഡയിൽ ഖലിസ്ഥാൻ അനുകൂലികളുടെ ജനഹിത പരിശോധനയുമായി ബന്ധപ്പെട്ട വിവാദങ്ങൾക്കിടെയായിരുന്നു അത്.

കാനഡയിലുള്ള ഇന്ത്യക്കാരായ ഹിന്ദുക്കൾ മടങ്ങിപ്പോകണമെന്ന് ഖലിസ്ഥാൻ വിഘടനവാദി നേതാവ് ഗുർപട്‌വന്ത് സിങ് പന്നു ആവശ്യപ്പെടുന്ന വിഡിയോ കഴിഞ്ഞ ദിവസങ്ങളിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. ഖലിസ്ഥാൻ നേതാവ് ഹർദീപ് സിങ് നിജ്ജാറിന്റെ മരണത്തിന് കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മിഷണർ സഞ്ജയ് വർമയാണോ ഉത്തരവാദി എന്ന വിഷയത്തിൽ ഒക്ടോബർ 29നു കാനഡയിൽ ഹിതപരിശോധന നടത്തുമെന്നും ഈ വിഡിയോയിൽ പറയുന്നുണ്ട്. 25ന് ഒട്ടാവയിലെ ഇന്ത്യൻ ഹൈക്കമ്മിഷൻ, ടൊറന്റോ, വാൻകൂവർ എന്നിവിടങ്ങളിലെ കോൺസുലേറ്റുകൾ എന്നിവയുടെ പ്രവർത്തനം തടസ്സപ്പെടുത്താൻ പദ്ധതിയുണ്ടെന്നും പറയുന്നു.

നിജ്ജാറിന്റെ കൊലപാതകത്തിൽ അന്വേഷണം പൂർത്തിയാകുംമുൻപു മുൻവിധി പാടില്ലെന്ന് ഇന്ത്യയിലെ യുഎസ് അംബാസഡർ എറിക് ഗാർസെറ്റി പറഞ്ഞു. കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം. പണ്ടുമുതലേ അടുത്തബന്ധമുള്ള ഇരുരാജ്യങ്ങളും ഈ വിഷയത്തിൽ സഹകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയോടുള്ളതുപോലെ തന്നെ കരുതൽ കാനഡയോടുമുണ്ടെന്നും അദ്ദേഹം പറഞ്ഞു.



# കുടിവെള്ളക്ഷാമം പരിഹരിക്കാൻ 205 കോടിയുടെ പദ്ധതി തയാർ

**ഷൊർണൂർ:** ചളവറ, തൃക്കടീരി, അനങ്ങനടി, ഗ്രാമ പഞ്ചായത്തുകളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പദ്ധതിയായി. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള സമഗ്ര ശുദ്ധജല പദ്ധതിയാണ് യാഥാർഥ്യമാകുന്നത്.



205 കോടി രൂപയാണ് പദ്ധതിയുടെ ചെലവ്. തൂതപ്പുഴയിലെ വെള്ളം ഉപയോഗിച്ചാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനാവശ്യമായ കിണറിൻറെ പണി പൂർത്തിയായി.

നഗരസഭയുടെ പരിധിയിലുള്ള പന്നിയംകുറുശ്ശി സ്വാമിയാർ കുന്നിൽ 50,000 ലിറ്റർ ശേഷിയുള്ള ട്രീറ്റ്മെൻറ് പ്ലാൻറിൻറെയും 27 ലക്ഷം ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെയും നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

തൂതപ്പുഴയിലെ കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് മുച്ചിത്തോട്ടം വഴി സ്വാമിയാർ കുന്നിലേയ്ക്കുള്ള ശുദ്ധീകരണ ശാലയിലേയ്ക്ക് എത്തിക്കുകയാണു ലക്ഷ്യം. പദ്ധതി യാഥാർഥ്യമാവുന്നതോടെ നഗരസഭയിലെയും സമീപ പഞ്ചായത്തുകളിലെയും ജലക്ഷാമത്തിന് ശാശ്വത പരിഹാരമാകും.

നഗരസഭയിൽ പണി പുരോഗമിക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതി 45ശതമാനം കേന്ദ്രവിഹിതവും 55 ശതമാനം സംസ്ഥാന സർക്കാറിൻറെ വിഹിതവുമുള്ള പദ്ധതിയാണ്. എന്നാൽ ജൽജീവൻ മിഷൻ നഗര സഭകൾക്കുള്ളതല്ല. ഈ ഘട്ടത്തിലാണ് ചെർപ്പുളശേരി നഗരസഭ സംസ്ഥാന സർക്കാരിൻറെയും നഗരസഭാ വിഹിതവും ചേർത്ത് 30 കോടിയോളം രൂപ കണ്ടെത്തി ഈ പദ്ധതിയിൽ പങ്കുചേർന്നത്. ചെർപ്പുളശേരി നഗരസഭയ്ക്കുള്ള മോട്ടറും ടാങ്കും സംസ്ഥാന സർക്കാർ അനുവദിച്ച 10 കോടി രൂപ ചെലവിട്ടാണു നടപ്പാക്കുന്നത്. വിതരണത്തിനായി പൈപ്പ് ലൈനുകൾ പുതുതായി സ്ഥാപിക്കേണ്ടതുണ്ട്.

കുടുതൽ കണക്ഷൻ നല്കേണ്ടതുമുണ്ട് തനതു ശുദ്ധജലപദ്ധതികളിലൂടെ ജലവിതരണം നടത്തുന്ന ഗുണഭോക്താക്കളെ കൂടി പരിഗണിക്കും.

ഇതിനായി നിലവിലുള്ള വാട്ടർ അഥോറിറ്റി ലൈനുകൾ പുതിയതായി ഇടുകയും പുന:ക്രമീകരിക്കുകയും വേണം.

നഗരസഭ സംസ്ഥാന സർക്കാരിൻറെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 6 കോടി രൂപയും നഗരസഭാ വിഹിതമായി 4 കോടി രൂപയും സംസ്ഥാന ഗവൺമെൻറെ 40ശതമാനവും കേന്ദ്ര ഗവൺമെൻറിൻറെയും 60 ശതമാനവും വഹിക്കുന്ന 10.2 കോടി രൂപയും കണ്ടെത്തിയാണ് 3,000 കുടുംബങ്ങൾക്ക് സൗജന്യമായി കുടിവെള്ള കണക്ഷൻ നല്കുന്നതിനും ചെർപ്പുളശേരി നഗരസഭയിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുമായുള്ള പദ്ധതി നഗരസഭ നടപ്പാക്കുന്നത്.

ആദ്യ ഘട്ടത്തിൽ നിലവിൽ ജലഅഥോറിറ്റി ലൈൻ ഉള്ള പ്രദേശങ്ങളിൽ കണക്ഷൻ ഇല്ലാത്തവരുടെ പട്ടിക തയാറാക്കി കണക്ഷൻ നല്കും.

തുടർന്ന് ജല അഥോറിറ്റിയുടെ നിലവിലുള്ള ലൈൻ നീട്ടിയാൽ കണക്ഷൻ കൊടുക്കാൻ കഴിയുന്നവരുടെ പട്ടിക തയാറാക്കി കണക്ഷൻ നല്കും. അടുത്ത ഘട്ടത്തിൽ തനത് ജലപദ്ധതികളിലൂടെ വെള്ളം വിതരണം ചെയ്യുന്ന ഗുണഭോക്താക്കൾക്കുകൂടി ആവശ്യമായ പൈപ്പ് ലൈനുകൾ സ്ഥാപിച്ചും കണക്ഷൻ ഇല്ലാത്തവർക്ക് കണക്ഷൻ നല്കിയും സമ്പൂർണ കുടിവെള്ള സൗകര്യമുള്ള നഗരസഭയായി രണ്ടു വർഷത്തിനുള്ളിൽ ചെർപ്പുളശേരിയെ മാറ്റുന്നതിനും പദ്ധതിയുണ്ട്.

# കാത്തിരിപ്പിന് വിരാമം; കൊരട്ടി പാറക്കൂട്ടം കുടിവെള്ള പദ്ധതി യാഥാർഥ്യമാകുന്നു

**കൊരട്ടി:** കാടുകുറ്റി, കൊരട്ടി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമത്തിനു പരിഹാരമായി വിഭാവനം ചെയ്ത പാറക്കൂട്ടം കുടിവെള്ള പദ്ധതി യാഥാർഥ്യത്തിലേക്ക്. സനീഷ് കുമാർ ജോസഫ് എംഎൽഎയുടെ സാന്നിധ്യത്തിൽ ഇന്നലെ ട്രയൽ റൺ നടത്തി. കൊരട്ടി പഞ്ചായത്തിലെ പാറക്കൂട്ടത്തെ പ്ലാൻറും മുരിങ്ങൂരിൽ സ്ഥാപിച്ച പമ്പ് ഹൗസിൻറെയും നിർമാണം പൂർത്തിയായതോടെയാണു ട്രയൽ റൺ നടത്തിയത്.



കേരളത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ആദ്യമായി നിർമാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമായ പ്ലാൻറാണിത്. കൊരട്ടി, കാടുകുറ്റി ഗ്രാമപഞ്ചായത്തുകളിലെ 11,000 വീടുകളിൽ ജലമെത്തും. 11 കോടി ചെലവിൽ നിർമിച്ച യൂണിറ്റിനു പ്രതിദിനം ആറുദശലക്ഷം വെള്ളം ശുദ്ധീകരിക്കാൻ കഴിയും. പുതുതായി നിർമിച്ച 9 ദശലക്ഷം ശേഷിയുള്ള ഒ.എച്ച്. ടാങ്കിനോടൊപ്പം നിലവിലെ 6.65 ദശലക്ഷം ശേഷിയുള്ള ടാങ്കും പദ്ധതിക്കായി ഉപയോഗപ്പെടുത്തും. ചാലക്കുടി പുഴയിൽനിന്ന് പാറക്കൂട്ടം പ്ലാൻറിൽ ജലമെത്തിച്ച് ഏഴ് ഘട്ടങ്ങളിലൂടെ ശുദ്ധീകരണ പ്രക്രിയക്ക് വിധേയമാക്കിയാണ് ജലവിതരണം നടത്തുക.

നിലവിൽ മേലൂർ ദേവരാജഗിരിയിലുള്ള പ്ലാൻറിൽനിന്നാണു കൊരട്ടി, മേലൂർ പഞ്ചായത്തുകളിൽ ജലവിതരണം. പുതിയ പ്ലാൻറ് പ്രവർത്തനം ആരംഭിക്കുന്നതോടെ പഴയ പ്ലാൻറിൽ നിന്ന് മേലൂരിൽ മാത്രമായി സ്വതന്ത്ര ജലവിതരണം സാധ്യമാകുമെന്നതിനാൽ മൂന്ന് പഞ്ചായത്തുകളിലെ ജനങ്ങൾക്കാണ് പുതിയ പ്ലാൻറിൻറെ ഗുണം ലഭിക്കുക.

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മില്ല് ഏറ്റെടുത്ത് നടത്തുവാൻ താൽപ്പര്യമുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയ്യതി: സെപ്റ്റംബർ 25. കൂടുതൽ വിവരങ്ങൾക്ക് : 9446029579.

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ അധ്യാപക കോഴ്സിന് അപേക്ഷ ക്ഷണിച്ചു. 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയിലുള്ള പ്ലസ്ടു അല്ലെങ്കിൽ ഹിന്ദി ബി.എ പാസായിരിക്കണം. പ്ലസ്ടു രണ്ടാം ഭാഷ ഹിന്ദി എടുക്കാത്തവർ പ്രചാരസഭകളുടെ അംഗീകൃത ഹിന്ദി കോഴ്സ് ജയിച്ചിരിക്കണം. പ്രായപരിധി 17 നും 35 നും ഇടക്ക് ആണ്. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും മറ്റു പിന്നോക്ക ജാതിക്കാർക്കും സീറ്റ് സംവരണം ലഭിക്കും. 04734296496, 8547126028

## സീറ്റ് ഒഴിവ്

**കോഴിക്കോട്:** ഐ.എച്ച്.ആർ.ഡി യുടെ കീഴിൽ താമരശ്ശേരി കോരങ്ങാട് പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ഒന്നാം സെമസ്റ്റർ ഡിഗ്രി, പി.ജി കോഴ്സുകളിൽ വിവിധ വിഭാഗങ്ങളിൽ (എസ് ടി, ഇ ഉൾപ്പെടെ) സീറ്റൊഴിവുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ ക്യാപ് രജിസ്ട്രേഷൻ ഫോമും, പ്ലസ്ടു സർട്ടിഫിക്കറ്റുമായി സെപ്റ്റംബർ 21 ന് ഉച്ചക്ക് 2 മണിക്ക് മുമ്പായി കോളേജ് ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് : 04952963244, 8547005025.

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** സൈനിക ക്ഷേമ വകുപ്പ് വിമുക്ത ഭടൻമാർക്കും വിധവകൾക്കും അവരുടെ ആശ്രിതർക്കുമായി വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കോഴിക്കോട് കെൽട്രോൺ വഴി സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫയർ ആൻഡ് സേഫ്റ്റി, കോഴിക്കോട് എൽ ബി എസ് സെന്റർ വഴി ഡാറ്റ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ എന്നീ കോഴ്സുകളാണ് നടത്തുന്നത്. താൽപ്പര്യമുള്ളവർ സെപ്റ്റംബർ 23 നകം ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത, ആധാർ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നേരിട്ട് അപേക്ഷ നൽകണം. ഫോൺ: 0495 2771881.

## ധനസഹായം

**കോഴിക്കോട്:** ജില്ലയിൽ പ്രവർത്തിക്കുന്ന മത്സ്യബന്ധന മേഖലയിലെ യന്ത്രവൽകൃത യാനങ്ങളിൽ റഫ്രിജറേഷൻ യൂണിറ്റ്, സ്ലറി ഐസ് യൂണിറ്റ്, ബയോ ടോയ്‌ലറ്റ് എന്നിവ ഒരുക്കുന്നതിന് 60 ശതമാനം സർക്കാർ ധനസഹായം നൽകുന്നു. താൽപ്പര്യമുള്ള യന്ത്രവത്കൃത യാന ഉടമകൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയും അനുബന്ധ രേഖകളും ബേപ്പൂർ/വെള്ളയിൽ/കൊയിലാണ്ടി/വടകര മത്സ്യ ഭവനിൽ നൽകണം. അവസാന തിയ്യതി സെപ്റ്റംബർ 23. കൂടുതൽ വിവരങ്ങൾക്ക് : 0495 2383780.




# മലൈക്കോട്ടൈ വാലിബൻ ജനുവരി 25 ന് തീയേറ്ററിലേക്ക്

പ്രേക്ഷകർ ആകാംഷയോടെ കാത്തിരിക്കുന്ന മോഹൻലാൽ ചിത്രം മലൈക്കോട്ടൈ വാലിബൻ തിയേറ്ററുകളിലേക്ക്.

ചിത്രത്തിന്റെ സംവിധായകനായ ലിജോ ജോസ് പെല്ലിശ്ശേരിയുടെ ജന്മദിനത്തിൽ തന്നെ മലൈക്കോട്ടൈ വാലിബന്റെ റിലീസ് തീയതി പ്രഖ്യാപിച്ചു. 2024 ജനുവരി 25 നാണ് ചിത്രം ലോകവ്യാപകമായി തിയേറ്ററുകളിലേക്കെത്തുന്നത്. മോഹൻലാലിന്റെ ജന്മദിനത്തിന് പുറത്തുവിട്ട ഗ്ലിമ്സ് വിഡിയോയും മലൈക്കോട്ടൈ വാലിബന്റെ ഫസ്റ്റ് ലുക്ക് പോസ്റ്ററും തരംഗമായതിനു പിന്നാലെ എത്തുന്ന ചിത്രത്തിന്റെ റിലീസ് തീയതി പ്രേക്ഷകരിൽ ആവേശം ഇരട്ടിയാക്കുന്നു. ഷിബു ബേബി ജോൺ, അച്ചു ബേബി ജോൺ എന്നിവരുടെ നേത്രത്വത്തിലുള്ള ജോൺ ആൻഡ് മേരി ക്രിയേറ്റിവിസ്, കൊച്ചുമോന്റെ ഉടമസ്ഥതയിലുള്ള സെഞ്ചുറി ഫിലിംസ്, അനൂപിന്റെ മാക്സ് ലാബ്, വിക്രം മെഹ്റ, സിദ്ധാർഥ് ആനന്ദ് കുമാർ എന്നിവരുടെ ഉടമസ്ഥയിലുള്ള സരിഗമ ഇന്ത്യാ ലിമിറ്റഡ് എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ.

നൂറ്റി മുപ്പതു ദിവസങ്ങളിൽ രാജസ്ഥാൻ, ചെന്നൈ, പോണ്ടിച്ചേരി എന്നീ സ്ഥലങ്ങളിലാണ് മലൈക്കോട്ടൈ വാലിബന്റെ ചിത്രീകരണം നടന്നത്. ചിത്രത്തിന്റെ തിരക്കഥ ഒരുക്കിയിരിക്കുന്നത് പി എസ് റഫീക്കാണ്.

ചുരുളിക്ക് ശേഷം മധു നീലകണ്ഠൻ വീണ്ടും ലിജോയ്ക്ക് വേണ്ടി ക്യാമറ ചലിപ്പിക്കുന്ന ചിത്രത്തിന്റെ സംഗീതം നിർവഹിക്കുന്നത് പ്രശാന്ത് പിള്ളയാണ്.

ദീപു ജോസഫ് എഡിറ്റിംഗ് നിർവഹിക്കുന്ന ചിത്രത്തിന്റെ വസ്ത്രാലങ്കാരം റോണക്സ് സേവ്യറാണ്. മലയാളം, തമിഴ്, തെലുങ്ക് കന്നഡ, ഹിന്ദി എന്നീ ഭാഷകളിലാണ് ചിത്രം റിലീസാകുന്നത്.പി ആർ ഓ പ്രതീഷ് ശേഖർ.




# ശേഷം മൈക്കിൽ ഫാത്തിമ: വിതരണാവകാശം സ്വന്തമാക്കി ഗോകുലം മൂവീസ്

കല്യാണി പ്രിയദർശൻ കേന്ദ്ര കഥാപാത്രത്തിലെത്തുന്ന ശേഷം മൈക്കിൽ ഫാത്തിമയുടെ വേൾഡ് വൈഡ് വിതരണാവകാശം ശ്രീ ഗോകുലം ഗോപാലന്റെ ഗോകുലം മൂവീസ് സ്വന്തമാക്കി. ഇന്ത്യൻ സിനിമാ ലോകത്തിൽ കളക്ഷൻ റെക്കോർഡുകൾ സൃഷ്ടിച്ച് മുന്നേറുന്ന ഷാരൂഖ് ഖാന്റെ ജവാൻ കേരളത്തിലും തമിഴ്നാട്ടിലും വിതരണം ചെയ്ത ഗോകുലം മൂവീസ് ആഗോളതലത്തിൽ റിലീസ് ചെയ്യുന്ന മലയാള ചിത്രമായിരിക്കും ശേഷം മൈക്കിൽ ഫാത്തിമ. മനു സി കുമാർ സംവിധാനം ചെയ്ത ചിത്രത്തിൽ അനിരുദ്ധ് രവിചന്ദർ ആലപിച്ച ഗാനവും ചിത്രത്തിന്റെ ടീസറും പ്രേക്ഷകർക്കിടയിൽ തരംഗമായി മാറിയിരുന്നു.

മലയാള സിനിമയെ ആഗോളവ്യാപകമായി ഏറ്റവും നല്ല രീതിയിൽ അവതരിപ്പിക്കാൻ ഗോകുലം മൂവീസിന്റെ തുടക്കമാണ് ശേഷം മൈക്കിൽ ഫാത്തിമ എന്ന ചിത്രമെന്നും, വരും നാളുകളിലിൽ അന്യഭാഷാ ചിത്രങ്ങളും മികച്ച മലയാള ചിത്രങ്ങളും ലോകവ്യാപകമായി തിയേറ്ററുകളിലേക്കെത്തിക്കാനുള്ള തയ്യാറെടുപ്പിലാണ് ഗോകുലം മൂവീസ് എന്ന് എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ശ്രീ. കൃഷ്ണമൂർത്തി പറഞ്ഞു.

ഇന്ത്യയിലെ മറ്റു പ്രധാന കേന്ദ്രങ്ങളിലും, വിദേശരാജ്യങ്ങളിലും ഗോകുലം മൂവീസിന്റെ ശൃംഖല വരും നാളുകളിൽ വ്യാപിക്കുമെന്നും ഗോകുലം മൂവിസിന് പ്രേക്ഷകർ നൽകുന്ന പിന്തുണയാണ് ഈ വളർച്ചക്ക് പിന്നിലെന്നും അദ്ദേഹം പറഞ്ഞു. ഫുട്ബാൾ കമന്റേറ്ററായി കല്യാണി പ്രിയദർശൻ അഭിനയിക്കുന്ന ഫാമിലി എന്റെർറ്റൈനെർ ശേഷം മൈക്കിൽ ഫാത്തിമ ഒക്ടോബർ ആദ്യ വാരത്തിൽ തിയേറ്ററുകളിലേക്കെത്തും.

കേരളത്തിൽ ഗോകുലം മൂവീസിന്റെ ഡിസ്ട്രിബൂഷൻ പാർട്ട്നേഴ്സ് ആയ ഡ്രീം ബിഗ് ഫിലിംസാണ് വിതരണം നിർവഹിക്കുന്നത്..കല്യാണി പ്രിയദർശനോടൊപ്പം സുധീഷ്, ഫെമിന, സാബുമോൻ, ഷഹീൻ സിദ്ധിഖ്, ഷാജു ശ്രീധർ, മാല പാർവതി, അനീഷ് ജി മേനോൻ, സരസ ബാലുശ്ശേരി,പ്രിയാ ശ്രീജിത്ത് ,ബാലതാരങ്ങളായ തെന്നൽ, വാസുദേവ് തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ദി റൂട്ട് , പാഷൻ സ്റ്റുഡിയോസ് എന്നിവയുടെ ബാനറിൽ ജഗദീഷ് പളനിസ്വാമിയും സുധൻ സുന്ദരവും ചേർന്നാണ് ചിത്രം നിർമിക്കുന്നത്.

ചിത്രത്തിന്റെ എക്സിക്കുട്ടീവ് പ്രൊഡ്യൂസർ: രഞ്ജിത് നായർ, ഛായാഗ്രഹണം : സന്താന കൃഷ്ണൻ രവിചന്ദ്രൻ, സംഗീത സംവിധാനം: ഹിഷാം അബ്ദുൽ വഹാബ് ,എഡിറ്റർ : കിരൺ ദാസ്, ആർട്ട് : നിമേഷ് താനൂർ,കോസ്റ്റ്യൂം: ധന്യാ ബാലകൃഷ്ണൻ, മേക്ക് അപ്പ് റോണെക്സ് സേവിയർ, ചീഫ് അസ്സോസിയേറ്റ് : സുകു ദാമോദർ, പബ്ലിസിറ്റി: യെല്ലോ ടൂത്ത്സ്, പ്രൊഡക്ഷൻ കൺട്രോളർ : റിച്ചാർഡ്, ക്രിയേറ്റിവ് പ്രൊഡ്യൂസർ : ഐശ്വര്യ സുരേഷ്, പി ആർ ഒ: പ്രതീഷ് ശേഖർ.

# സോമന്റെ കൃതാവ്




വിനയ് ഫോർട്ട് നായകനാക്കി രോഹിത് നാരായണൻ സംവിധാനം ചെയ്യുന്ന സോമന്റെ കൃതാവ് എന്ന കോമഡി എന്റർടെയ്നർ ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ, പ്രശസ്ത ചലച്ചിത്ര താരം ദുൽഖർ സൽമാൻ തന്റെ ഫേയ്സ് ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.വ്യത്യസ്തമായ ഗെറ്റപ്പിൽ കുട്ടനാട്ടുകാരനായ കൃഷി ഓഫിസറായി വിനയ് ഫോർട്ട് എത്തുന്നു. കക്ഷി അമ്മിണിപ്പിള്ള, ഫേസ്, ഡൈവോഴ്സ് തുടങ്ങിയ ചിത്രങ്ങളിലൂടെ ശ്രദ്ധേയയായ ഫറാ ഷിബിലയാണ് നായിക.തിരക്കഥാകൃത്ത് ബിപിൻ ചന്ദ്രൻ, മനു ജോസഫ്,ജയൻ ചേർത്തല,നന്ദൻ ഉണ്ണി,റിയാസ് നർമ്മകല, രമേശ് കുറുമശ്ശേരി, അനീഷ് ഗോപാൽ,ആർജെ മുരുകൻ, അനീഷ് എബ്രഹാം,ജയദാസ്,ജിബിൻ ഗോപിനാഥ്,സുശീൽ,ശ്രുതി സുരേഷ്,സീമ ജി. നായർ,പൗളി വത്സൻ,ദേവനന്ദ,ഗംഗ ജി നായർ,പ്രതിഭ രാജൻ, രമ്യ അനി, തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.ഒപ്പം, ചിത്രത്തിലെ നാടൻ കഥാപാത്രങ്ങൾക്ക് അനുയോജ്യരായ നാട്ടുകാരെ കണ്ടെത്തി അഭിനയ പരിശീലനത്തിൽ പങ്കെടുപ്പിച്ചവരിൽ നിന്നും തിരഞ്ഞെടുത്ത പതിനാറിലധികം പുതുമുഖങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

ഓൺ സ്റ്റേജ് സിനിമാസ് അവതരിപ്പിക്കുന്ന സോമന്റെ കൃതാവ്, മാസ്റ്റർ വർക്സ് സ്റ്റുഡിയോസ്,രാഗം മൂവീസ്സ് രാജു മല്ല്യത്ത് എന്നിവർ ചേർന്ന് നിർമിക്കുന്നു.ഉണ്ട, സൂപ്പർ ശരണ്യ എന്നീ സൂപ്പർഹിറ്റ് ചിത്രങ്ങളിലൂടെ ശ്രദ്ധേയനായസുജിത്ത് പുരുഷൻ ഛായാഗ്രഹണം നിർവഹിക്കുന്നു.രഞ്ജിത്ത് കെ. ഹരിദാസ് കഥ തിരക്കഥ സംഭാഷണമെഴുതുന്നു.

സംഗീതം പി എസ് ജയഹരി, എഡിറ്റർബിജീഷ് ബാലകൃഷ്ണൻ, പ്രൊഡക്ഷൻ കൺട്രോളർഷബീർ മലവെട്ടത്ത്,കല അനീഷ് ഗോപാൽ, മേക്കപ്പ്ജയൻ പൂങ്കുളം, വസ്ത്രാലങ്കാരം അനിൽ ചെമ്പൂർ, സ്റ്റിൽസ്രാഹുൽ എം. സത്യൻ,ചീഫ് അസോസിയേറ്റ് ഡയറക്ടർറ്റൈറ്റസ് അലക്സാണ്ടർ, അസോസിയേറ്റ് ഡയറക്ടർറെനിറ്റ് രാജ്, അസിസ്റ്റന്റ് ഡയറക്ടർ പ്രശോഭ് ബാലൻ,പ്രദീപ് രാജ്,സുഖിൽ സാഗ്, അസോസിയേറ്റ് ക്യാമറമാൻക്ലിന്റോ ആന്റണി,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്അനിൽ നമ്പ്യാർ,ബർണാഡ് തോമസ്,പി ആർ ഒഎ എസ് ദിനേശ്.

# പഴശ്ശി അണക്കെട്ടിൽ അടിഞ്ഞ പ്ലാസ്റ്റിക് മാലിന്യം നീക്കും

**മട്ടന്നൂർ:** പഴശ്ശി അണക്കെട്ടിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യം നീക്കാൻ നടപടിയായി. ഷട്ടറുകൾ അടച്ചു വെള്ളം സംഭരിക്കാൻ തുടങ്ങിയതോടെയാണ് വലിയ തോതിൽ മാലിന്യം അടിഞ്ഞത്. ജില്ലയിലെ പ്രധാന ശുദ്ധജല സ്രോതസ്സായതിനാൽ ശുചിത്വം പാലിക്കേണ്ടതുണ്ട്. പ്ലാസ്റ്റിക് കുപ്പികളും ഭക്ഷണ അവശിഷ്ടമുള്ള കവറുകളും വെള്ളത്തിൽ പൊങ്ങിക്കിടപ്പുണ്ട്. ഇരിട്ടി നഗരസഭയുടെയും പായം പഞ്ചായത്തിന്റെയും സഹകരണത്തോടെയാണ് മാലിന്യം നീക്കുക. ഇതിനുള്ള പ്രവൃത്തി ഇന്നു രാവിലെ 8ന് ആരംഭിക്കും. നഗരസഭാ ആരോഗ്യ വിഭാഗവും പായം പഞ്ചായത്തിലെ റെസ്ക്യൂ ടീമും നേതൃത്വം നൽകും. കണ്ണൂർ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്താൻ പഴശ്ശി ഡാമിൽ നിന്നാണ് വെള്ളം ശേഖരിക്കുന്നത്.



മഴ കുറവായതിനാൽ ഇത്തവണ അണക്കെട്ടിന്റെ ഷട്ടറുകൾ നേരത്തേ അടച്ചു വെള്ളം സംഭരിക്കാൻ തുടങ്ങി. 23.5 മീറ്റർ ജലനിരപ്പുണ്ട്.

കണ്ണൂർ, പട്ടുവം, പെരളശ്ശേരി, കീഴൂർ ചാവശ്ശേരി, കൊളച്ചേരി, കൂത്തുപറമ്പ് ശുദ്ധജല പദ്ധതികൾക്കാണ് പഴശ്ശി ഡാമിൽ നിന്നു വെള്ളം ശേഖരിക്കുന്നത്. ഷട്ടറിന്റെ മാധ്യ ഭാഗത്തും വശങ്ങളിലുമാണ് പ്ലാസ്റ്റിക് കുപ്പികൾ അടക്കമുള്ള മാലിന്യം കെട്ടിനിൽക്കുന്നത്. അണക്കെട്ടിലേക്കു ചേരുന്ന പുഴകളിലൂടെ മലിന വസ്തുക്കൾ ഒഴുകിയെത്തുന്നു.

പടിയൂർ, പായം, ആറളം, ഇരിട്ടി ഭാഗങ്ങളിൽ നിന്നാണ് ഇവ വന്നടിയുന്നതെന്നും കുടിവെള്ള സ്രോതസ്സ് മലിനപ്പെടുത്തരുതെന്ന ബോധം ജനങ്ങൾക്ക് ഉണ്ടാകണമെന്നും പഴശ്ശി പദ്ധതി അധികൃതർ പറഞ്ഞു.

# കോട്ടയം മത്സര വള്ളംകളി ഒക്ടോബർ 7ന്

**താഴത്തങ്ങാടി:** കോട്ടയം മത്സര വള്ളംകളി ഒക്ടോബർ 7നു 2നു താഴത്തങ്ങാടി ആറ്റിൽ നടക്കും. വള്ളംകളിയുടെ പ്രവർത്തന ഉദ്ഘാടനം തോമസ് ചാഴികാടൻ എംപി നിർവഹിച്ചു. കോട്ടയം വെസ്റ്റ് ക്ലബ് പ്രസിഡന്റ് സുനിൽ ഏബ്രഹാം അധ്യക്ഷത വഹിച്ചു. കോട്ടയം വെസ്റ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംസ്ഥാന ടൂറിസം വകുപ്പ്, ചാംപ്യൻസ് ബോട്ട് ലീഗ്, തിരുവാർപ്പ് പഞ്ചായത്ത്, കോട്ടയം നഗരസഭ എന്നിവ ചേർന്നാണു വള്ളംകളി നടത്തുന്നത്. ചാംപ്യൻസ് ബോട്ട് ലീഗിനൊപ്പം ചെറുവള്ളങ്ങളെയും ഉൾപ്പെടുത്തും. ഫണ്ട് ഉദ്ഘാടനം സിപിഐ ജില്ലാ സെക്രട്ടറി വി.ബി.ബിനു അർക്കാഡിയ ഗ്രൂപ്പ് ചെയർമാൻ കെ.ടി.തോമസിൽ നിന്ന് ആദ്യഫണ്ട് സ്വീകരിച്ച് നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി.ബിന്ദു വള്ളംകളിയുടെ ലോഗോ പ്രകാശനം നിർവഹിച്ചു.

ചെറുവള്ളങ്ങളുടെ റജിസ്ട്രേഷൻ ഉദ്ഘാടനം നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ നിർവഹിച്ചു. വിനോദസഞ്ചാര വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ കെ.കെ.പത്മകുമാർ, തിരുവാർപ്പ് പഞ്ചായത്ത് പ്രസിഡന്റ് അജയ് കെ.മേനോൻ, മീനച്ചിലാർ മീനന്തറയാർ കൊടൂരാർ നദീസംയോജന പദ്ധതി ജില്ലാ കോഓർഡിനേറ്റർ കെ.അനിൽകുമാർ, ക്ലബ് സെക്രട്ടറി സാജൻ പി. ജേക്കബ്, കോഓർഡിനേറ്റർ ലിയോ മാത്യു, കെ.ജി.കുര്യൻ, കോട്ടയം നഗരസഭാ കൗൺസിലർമാരായ എം.പി.സന്തോഷ്കുമാർ, ഷേബ മർക്കോസ്, ജിഷ ജോഷി എന്നിവർ പ്രസംഗിച്ചു.

# ആകാശപ്പാത: സർവീസ് റോഡ് നിർമാണം തുടങ്ങി

**അരൂർ:** തുറവൂർ അരൂർ ആകാശപ്പാത നിർമാണ സ്ഥലത്ത് ഗതാഗതക്കുരുക്കു ഒഴിവാക്കാൻ റോഡിന്റെ ഇരുഭാഗത്തും സർവീസ് റോഡിന്റെ നിർമാണം തുടങ്ങി.ദേശീയപാത അധികൃതരും ആകാശപ്പാത നിർമാണ കരാർ കമ്പനിയും ചേർന്നാണ് റോഡ് നിർമിക്കുന്നത്.സർവീസ് റോഡ് ഇരുഭാഗത്തും പൂർണമാകണമെങ്കിൽ ഒട്ടേറെ വൈദ്യുതി പോസ്റ്റുകളും ട്രാൻസ്ഫോമറുകളും നീക്കേണ്ടതുണ്ട്.വൈദ്യുതി ബോർഡ് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആകാശപ്പാത കരാർ കമ്പനി അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്.



ആകാശപ്പാത നിർമാണം ആരംഭിക്കുന്നതിനു മുൻപേ സർവീസ് റോഡുകൾ പൂർത്തിയാക്കുന്ന കാര്യത്തിൽ അധികൃതർ കാട്ടിയ അലംഭാവമാണ് നിലവിലെ ഗതാഗതക്കുരുക്കിനു കാരണമായത്.

10 മിനിറ്റ് കൊണ്ട് എത്തേണ്ട സ്ഥലത്ത് ഒരു മണിക്കൂർ വരെ സമയമെടുക്കുന്ന അവസ്ഥ വന്നപ്പോഴാണ് ജനങ്ങൾ രോഷാകുലരായത്. കോൺഗ്രസ് ഉൾപ്പെടെ ഒട്ടേറെ സംഘടനകളും സമര രംഗത്തിറങ്ങി. കൂടുതൽ യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ച് സർവീസ് റോഡുകളുടെ നിർമാണം അടിയന്തരമായി പൂർത്തിയാക്കണമെന്ന് പഞ്ചായത്ത് അധികൃതർ ആവശ്യപ്പെട്ടു.

# കേരളീയം 2023 സംഘാടകസമിതി ഓഫിസ് ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** സമസ്തമേഖലകളിലും കേരളത്തിന്റെ മുന്നേറ്റം വ്യക്തമാക്കുന്ന കേരളീയം 2023 പരിപാടിയുടെ സംഘാടകസമിതി ഓഫിസ് ഉദ്ഘാടനം വ്യാഴാഴ്ച വൈകിട്ട് അഞ്ചിനു കനകക്കുന്ന് പാലസ് ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കേരളീയം പരിപാടിയുടെ ഔദ്യോഗിക ലോഗോയുടെ പ്രകാശനവും വെബ്സൈറ്റ് ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. കേരളപ്പിറവി ദിനമായ നവംബർ ഒന്നുമുതൽ ഏഴു വരെ തിരുവനന്തപുരം നഗരത്തിലെ വിവിധ വേദികളിലാണ് കേരളീയം 2023 അരങ്ങേറുന്നത്.

ധനമന്ത്രി കെ. എൻ. ബാലഗോപാൽ ചടങ്ങിൽ അധ്യക്ഷത വഹിക്കും. മന്ത്രി വി. ശിവൻകുട്ടി സ്വാഗതം ആശംസിക്കും. മന്ത്രി ജി. ആർ. അനിൽ, മന്ത്രി ആന്റണി രാജു, മേയർ ആര്യാ രാജേന്ദ്രൻ, വി. കെ. പ്രശാന്ത് എംഎൽഎ എന്നിവർ വിശിഷ്ടാതിഥികൾ ആയിരിക്കും. ചീഫ് സെക്രട്ടറിയും കേരളീയം ജനറൽ കൺവീനറുമായ ഡോ. വി. വേണു കൃതജ്ഞത അർപ്പിക്കും.

# പാരാമെഡിക്കൽ/ഫാർമസി കോഴ്സ്: അംഗീകാരം ഉണ്ടോയെന്ന് ഉറപ്പാക്കണമെന്നു മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

പാരാമെഡിക്കൽ/ഫാർമസി അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ കോഴ്സുകളിൽ ചേരുന്നതിനു മുൻപ് കോഴ്സുകൾക്കും സ്ഥാപനങ്ങൾക്കും കേരള ആരോഗ്യ സർവകലാശാല/ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്/ ബന്ധപ്പെട്ട കൗൺസിൽ എന്നിവയുടെ അംഗീകാരം ഉണ്ടോ എന്ന് ഉറപ്പുവരുത്തണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

സംസ്ഥാനത്ത് സർക്കാർ അംഗീകാരവും യു.ജി.സി അംഗീകാരവുമുള്ള വിവിധ പാരാമെഡിക്കൽ ഡിപ്ലോമ/ഫാർമസി/ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് ചില വ്യാജ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പത്രദൃശ്യ മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയ വഴിയും തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകളും പരസ്യങ്ങളും നൽകുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണിത്.

കേരള ആരോഗ്യ സർവകലാശാലയുടെയും സംസ്ഥാനത്തെ മറ്റ് അംഗീകൃത സർവകലാശാലകൾക്കു കീഴിലും [Kerala, MG, Calicut, Kannur & Amritha (Deemed tUy)] നടത്തപ്പെടുന്ന പാരാമെഡിക്കൽ ഡിഗ്രി/പിജി കോഴ്സുകൾക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ നടത്തപ്പെടുന്ന വിവിധ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾക്കും ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ നടത്തപ്പെടുന്ന ഡി.എച്ച്.ഐ കോഴ്സിനും മാത്രമാണ് നിലവിൽ സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കേരള പാരാമെഡിക്കൽ കൗൺസിലിന്റെയും അംഗീകാരം ഉള്ളത്. സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിലും പി.എസ്.സി വഴിയുള്ള പാരാമെഡിക്കൽ അനുബന്ധ നിയമനങ്ങളിലും പാരാമെഡിക്കൽ കൗൺസിൽ/ ഡെന്റൽകൗൺസിൽ/ ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാണ്.

സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യസ്വാശ്രയ സ്ഥാപനങ്ങളിലും കേരള ആരോഗ്യ സർവകലാശാലയുടെ കീഴിലുമായി നടത്തപ്പെടുന്ന അംഗീകാരമുള്ള പാരാമെഡിക്കൽ ഡിഗ്രി/പിജി കോഴ്സുകളുടെയും അവ നടത്തപ്പെടുന്ന സ്ഥാപനങ്ങളുടെയും പട്ടിക കേരള ആരോഗ്യ സർവകലാശാലയുടെ www.kuhs.ac.in ലും, സംസ്ഥാന സർക്കാർ/ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്/ കേരള പാരാമെഡിക്കൽ കൗൺസിൽ/ ഫാർമസി കൗൺസിൽ അംഗീകരിച്ച വിവിധ പാരാമെഡിക്കൽ ഡിപ്ലോമ/ ഡി.ഫാം /ഡി.എച്ച്.ഐ കോഴ്സുകളും അവ നടത്തപ്പെടുന്ന സ്ഥാപനങ്ങളുടെയും പട്ടിക മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ www.dme.kerala.gov.in ലും ലഭ്യമാണെന്നും ഡയറക്ടർ അറിയിച്ചു.

## മറൈൻ ഡ്രൈവ് പരിപാലനം:
# കൂട്ടായ പരിശ്രമം നടത്തും



**കൊച്ചി:** മറൈൻ ഡ്രൈവ് പ്രദേശം വൃത്തിയായും സുരക്ഷിതമായും പരിപാലിക്കുന്നതിന് നഗരസഭ, ജി.സി.ഡി.എ, പോലീസ്, സി.എസ്.എം.എൽ എന്നീ ഏജൻസികൾ കൂട്ടായ പരിശ്രമം നടത്തുന്നതാണെന്ന് അധികൃതർ. കൊച്ചി മേയർ അഡ്വ. എം അനിൽകുമാറിന്റെയും ജി.സി.ഡി.എ ചെയർമാൻ കെ ചന്ദ്രൻ പിള്ളയുടെയും നേതൃത്വത്തിൽ മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ ജി.സി.ഡി.എ ഓഫീസിൽ ചേർന്ന യോഗത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കേ നടപടികൾ ചർച്ച ചെയ്തു. കൊച്ചി നഗരസഭ ആരോഗ്യ സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ ടി.കെ അഷ്റഫ്, കൗൺസിലർമാരായ മനു ജേക്കബ്, മിനി ദിലീപ്, സ്മാർട്ട് മിഷൻ ലിമിറ്റഡ് സി.ഇ.ഒ ഷാജി വി നായർ ഐ.എ.എസ്, ഡി.സി.പി എസ് ശശിധരൻ ഐ.പി.എസ്, കൊച്ചി കോർപറേഷൻ അഡീഷണൽ സെക്രട്ടറി ഷിബു വി പി, ജി.സി.ഡി.എ സെക്രട്ടറി ടി.എൻ രാജേഷ്, ശുചിത്വ മിഷൻ കോർഡിനേറ്റർ അമീർ ഷാ, വ്യാപാരികളുടെ പ്രതിനിധികൾ എന്നിവരും യോഗത്തിൽ പങ്കെടുത്തു. മറൈൻ ഡ്രൈവ് നടപ്പാതയിലെ എല്ലാ അനധികൃത കച്ചവടങ്ങളും ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും. മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുമുാകുന്ന ജൈവ മാലിന്യം സംസ്കരിക്കുന്നതിന് അനുയോജ്യമായ സ്ഥലത്ത് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതാണ്. റിട്ടയേർഡ് മിലിട്ടറി ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തിക്കൊ് നിലവിലിലുള്ള സെക്യൂരിറ്റി സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. രാത്രി 10 മണി മുതൽ രാവിലെ 5 മണി വരെ മറൈൻ ഡ്രൈവ് വാക്ക് വേയിലേക്ക് പ്രവേശനം പൂർണ്ണമായും നിരോധിക്കും. മറൈൻ ഡ്രൈവിൽ നിരോധിത ഉൽപ്പന്നങ്ങളുടെ ഉപയോഗം കർശനമായി തടയുന്നതിന്റെ ഭാഗമായി ഗ്രീൻ പ്രൊട്ടോക്കോൾ നടപ്പിലാക്കും. നിരോധിത ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. ബോട്ടുകളിൽ നിന്നുള്ള മാലിന്യ സംസ്ക്കരണത്തിന്റെ വിഷയത്തിൽ ബോട്ടുടുമകളുമായി യോഗം വിളിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃത ബോട്ട് സർവ്വീസുകൾ പൂർണ്ണമായും അവസാനിപ്പിക്കും. വാക്ക് വേയിൽ വരുന്ന മാലിന്യം തരം തിരിച്ച് ശേഖരിക്കുന്നതിന് കയ്നർ സ്ഥാപിച്ച്, ആഴ്ചയിലൊരിക്കൽ മാലിന്യം നഗരസഭ ശേഖരിക്കുന്നതാണ്. നഗരസഭ ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഈ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തി പോകുന്നതാണ്. നിരീക്ഷണ ക്യാമറകളും, ആവശ്യമായ വെളിച്ച സംവിധാനങ്ങളും ഉറപ്പു വരുത്തും. നഗരസഭ, ജി.സി.ഡി.എ, പോലീസ് വകുപ്പുകളുടെ ഉദ്യോഗസ്ഥ സംവിധാനം സ്ഥിരമായി മറൈൻ ഡ്രൈവിൽ പ്രവർത്തിച്ച് ക്യാമറകളുടെ പ്രവർത്തനവും ക്യാമറാ ദൃശ്യങ്ങളും നിരന്തരമായി നിരീക്ഷണത്തിന് വിധേയമാക്കുന്നതാണ്. പുതിയതായി ഏർപ്പെത്തുന്നതിന് ഉദ്ദേശിക്കുന്ന ഐ.ഇ.സി, സാനി കിയോസ്ക്, ശുചിമുറികൾ, ബോട്ടിൽ ബൂത്ത്, ശുചിത്വ ബോധവൽക്കരണം, ഗ്രീൻ പ്രോട്ടോക്കോൾ തുടങ്ങിയ ശുചിത്വ സംവിധാനങ്ങളുടെ പുരോഗതി കൃത്യമായി വിലയിരുത്തുന്നതാണ്. കൃത്യമായ പരിപാലനത്തിലൂടെ മറൈൻഡ്രൈവിനെ മനോഹരമായി നിലനിറുത്തുന്നതിൽ എല്ലാ ഏജൻസികളുടെയും സഹകരണത്തോടെ പ്രതിജ്ഞാബദ്ധമായി മുന്നോട്ട് പോകുമെന്നും മേയർ അഡ്വ.എം അനിൽകുമാർ അറിയിച്ചു.

## വിപിഎസ് ലേക്ഷോറിൽ പുതിയ ഡയാലിസിസ് യൂണിറ്റ് തുറന്നു



**കൊച്ചി:** വിപിഎസ് ലേക്ഷോറിൽ പുതിയ അത്യാധുനിക ഹീമോഡയാലിസിസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.പ്രധാന കെട്ടിടത്തിന്റെ നാലാം നിലയിൽ സ്ഥിതി ചെയ്യുന്ന യൂണിറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം മാനേജിംഗ് ഡയറക്ടർ എസ്.കെ. അബ്ദുള്ള നിർവഹിച്ചു. സമൂഹത്തിന് ഉയർന്ന നിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള വിപിഎസ് ലേക്ഷോറിന്റെ പ്രതിജ്ഞാബദ്ധതയിൽ ഒരു സുപ്രധാന നാഴികക്കല്ലാകും ഇതെന്ന് എസ്.കെ. അബ്ദുള്ള പറഞ്ഞു.നെഫ്രോളജി ആൻഡ് റീനൽ ട്രാൻസ്പ്ലാൻറ് സർവീസസ് ഡയറക്ടർ ഡോ. എബി എബ്രഹാം, ബോർഡ് അഡ്വൈസർ വേണോഗോപാൽ സി ഗോവിന്ദ്, ഡോ ജോർജി കെ നൈനാൻ, ഡോ ജിതിൻ എസ് കുമാർ, ഡോ കാർത്തിക് ഗണേഷ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. അത്യാധുനിക ഡയാലിസിസ് മെഷീനുകളുള്ള പുതിയ ഡയാലിസിസ് യൂണിറ്റ്, വൃക്ക രോഗങ്ങളുമായി പൊരുതുന്ന രോഗികൾക്ക് മികച്ച പരിചരണം നൽകും. കൂടാതെ, വിശാലമായ കാത്തിരിപ്പ് കേന്ദ്രം രോഗികളെയും അവരുടെ കുടുംബങ്ങൾക്കും ആശ്വാസകരമായ അന്തരീക്ഷം ഉറപ്പാക്കും.

## പ്രോക്ടോളജി ശിൽപശാല സെപ്റ്റംബർ 23, 24 തീയതികളിൽ കൊച്ചിയിൽ

**കൊച്ചി:** പ്രോക്ടോളജി ലൈവ് ഓപ്പറേറ്റീവ് വർക്ക്ഷോപ്പ് ആന്റ് ഫെലോഷിപ്പ് ശിൽപശാല 2023 സെപ്റ്റംബർ 23, 24 തീയതികളിൽ കൊച്ചിയിൽ നടക്കും. ഇന്റർനാഷണൽ സൊസൈറ്റി ഓഫ് കൊളോപ്രോക്റ്റോളജിയുമായി സഹകരിച്ചാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. വിപിഎസ് ലേക്ഷോർ ആശുപത്രിയിലെ മിനിമലി ഇന്റൻസീവ് സർജറി വിഭാഗം, വെർവാൻഡൽ ഇൻസ്റ്റിറ്റ്യൂട്ട്, കീഹോൾ ക്ലിനിക്ക് കൊച്ചി എന്നിവർ ശിൽപശാലയുടെ ഭാഗമാകും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറോളം ശസ്ത്രക്രിയാ വിദഗ്ധർ ശിൽപശാലയിൽ പങ്കെടുക്കുമെന്ന് ഓർഗനൈസിംഗ് ചെയർമാൻ ഡോ ഡി മധുകർ പൈ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.കൊച്ചി വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ, ശ്രീ. എസ്. കെ അബ്ദുള്ള ശിൽപശാല ഉദ്ഘാടനം ചെയ്യും. മിനിമലി ഇൻവേസീവ് സർജറി വിഭാഗം മേധാവി ഡോ. ആർ പത്മകുമാറിന്റെ അധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ ഡോ. ഡി. മധുകർ പൈ, ഡോ. ഫാരിഷ് ഷംസ്, ഡോ. എസ്. ഡി. ശിവടെ, ഡോ. പ്രശാന്ത് രഹത്തെ, ഡോ. എൽ.ഡി. ലഡൂക്കർ, ഡോ. ശാന്തി വർധനി, ഡോ. മോഹൻ മാത്യു എന്നിവർ സംസാരിക്കും.പൈൽസ്, ഫിഷർ, ഫിസ്റ്റുല, പിലോനിഡൽ സൈനസ്, പ്രോലാപ്സ്, തുടങ്ങിയ രോഗങ്ങളെ കൈകാര്യം ചെയ്യുന്ന ശസ്ത്രക്രിയാ സ്പെഷ്യാലിറ്റി വിഭാഗമാണ് പ്രോക്ടോളജി. ഈ രോഗങ്ങൾ സാധാരണയായി ശരീരത്തിൽ മറഞ്ഞിരിക്കുന്നവയാണ്. തങ്ങൾക്ക് രോഗമുന്നെ് കുടുംബാംഗങ്ങളോട് പോലും പറയുവാൻ ആളുകൾ മടിക്കുന്നു. ഇത് ജനങ്ങളുടെ ശ്രദ്ധയിൽ കൊുവരികയും, ശസ്ത്രക്രിയാ വിദഗ്ധർക്ക് അറിവ് വർദ്ധിപ്പിക്കുകയും, സുരക്ഷിതവും സൗകര്യപ്രദവുമായ ശസ്ത്രക്രിയകൾ ഉറപ്പുവരുത്തുന്നതുമാണ് ഈ ശിൽപശാലയുടെ ലക്ഷ്യം.

കുറഞ്ഞ കാലയളവിൽ, സ്റ്റാപ്ലറുകൾ, കീഹോൾ സർജറി, ലേസർ, സ്ക്ളീറോതെറാപ്പി തുടങ്ങി നിരവധി പുരോഗതികളുള്ള ഒരു വികസ്വര മേഖലയാണിത്. അതിനാൽ ഈ നടപടിക്രമങ്ങൾ, വീഡിയോകൾ, തത്സമയ ശസ്ത്രക്രിയാ നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിഷയങ്ങൾ, പങ്കെടുക്കുന്ന ശസ്ത്രക്രിയാ വിദഗ്ധരുടെ അറിവ് വർദ്ധിപ്പിക്കും. ശിൽപശാലയ്ക്ക് ശേഷം നടത്തുന്ന പരീക്ഷയിൽ വിജയികളായ പ്രതിനിധികൾക്ക് ഫെലോഷിപ്പ് നൽകും. ഡോ. ആർ. പത്മകുമാർ, പ്രേമ്ന സുബിൻ. എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## കബാബ്സ് ആൻഡ് ബിരിയാണിസ് ഫെസ്റ്റുമായി ഓ ബൈ താമര

**തിരുവനന്തപുരം:** വ്യത്യസ്തമായ രുചിയനുഭവങ്ങൾ സമ്മാനിക്കുന്ന 'കബാബ്സ് ആൻഡ് ബിരിയാണിസ് ഫെസ്റ്റ്' ഒരുക്കി തിരുവനന്തപുരം ഒ ബൈ താമര. 2023 സെപ്റ്റംബർ 21 മുതൽ സെപ്റ്റംബർ 24 വരെ ട്രിവാൻഡ്രം റെസ്റ്റോറന്റിലാണ് ഇവൻറ് സംഘടിപ്പിക്കുന്നത്. സീഖ് കബാബ്സ്, രശ്മി കബാബ്സ്, താങ്ഡി കബാബ്സ്, ചില്ലി കബാബ് എന്നിവയുൾപ്പെടെയുള്ള കബാബുകൾ, പനീർ ടിക്ക, ഹരിയാലി ടിക്ക എന്നിവയ്ക്കൊപ്പം വെജിറ്റേറിയൻ ഓപ്ഷനുകളും ഹൈദരാബാദി, ലക്നോവി, തലശ്ശേരി, അമ്പൂർ ബിരിയാണികൾ തുടങ്ങി വിവിധ പ്രദേശങ്ങളിൽ നിന്നുള്ള ബിരിയാണികളും ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കും. ഔട്ട്ഡോർ ഡൈനിംഗ് അനുഭവം ഇഷ്ടപ്പെടുന്നവർക്കായി, തത്സമയ പാചക സ്റ്റേഷനുകളും ഔട്ട്ഡോർ ഇരിപ്പിടങ്ങളും സജ്ജമാക്കും.റിസെർവേഷനുകൾക്ക് : +91 471 710 0111/+91 471 666 0888

## ചലച്ചിത്ര ശിൽപശാല

**കൊച്ചി:** കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ചലച്ചിത്ര ശിൽപശാല സംഘടിപ്പിക്കുന്നു. മൂന്ന് ദിവസങ്ങളിലായി സിനിമ പ്രൊഡക്ഷൻ , പ്രീ പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ എന്നീ മേഖലകളിലാണ് ക്ലാസുകൾ. ശിൽപശാലയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സ്വന്തമായി തയ്യാറാക്കിയ അരമണിക്കൂറിൽ താഴെ ദൈർഘ്യമുള്ള ഷോർട്ട് ഫിലിം/ ഡോക്യുമെന്ററി / ആൽബം/ മ്യൂസിക് വീഡിയോ/ പരസ്യചിത്രം/ റീൽസ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ ലിങ്ക് filmworkshop01@gmail.com എന്ന വിലാസത്തിൽ അയക്കണം. യൂട്യൂബ് വീഡിയോ, ഗൂഗിൾ ഡ്രൈവ് ലിങ്കുകൾ എന്നിവ അയയ്ക്കാനായി ഉപയോഗിക്കാം. ഫോൺ നമ്പർ, പൂർണ്ണവിലാസം എന്നിവ ഉൾപ്പെടുത്തിയ ബയോഡേറ്റയും വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പിയും സഹിതം ഒക്ടോബർ അഞ്ചിനകം അപേക്ഷിക്കാം. പ്രായപരിധി 18-35 വയസ്സ്.ഫോൺ : 04712733602

## ഡോ. വർഗീസ് മൂലന് കെസിബിസി ഐക്കൺ അവാർഡ്

**കൊച്ചി:** വ്യവസായ രംഗത്തെ മികവും ജീവകാരുണ്യ പ്രവർത്തനങ്ങളും മുൻനിർത്തി ഡോ. വർഗീസ് മൂലന് കെസിബിസി മീഡിയ കമ്മീഷന്റെ ഐക്കൺ അവാർഡ്.കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാംപ്ലാനിയാണ് അവാർഡ് പ്രഖ്യാപിച്ചത്. കോമൺവെൽത്ത് ട്രേഡ് കമ്മീഷണർ ആയി സേവനം ചെയ്യുന്ന ഡോ. വർഗ്ഗീസ് മൂലനും നടൻ മാധവനും ചേർന്ന്



നിർമ്മിച്ച 'റോക്കറ്റ്ട്രി' എന്ന ചലച്ചിത്രം മികച്ച ചിത്രമായി ദേശീയതലത്തിൽ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. പത്രപ്രവർത്തകൻ, എഴുത്തുകാരൻ, ഭക്തിഗാനങ്ങളുടെ രചയിതാവ്, എട്ടോളം കമ്പനികളുടെ തലവൻ, ജീവകാരുണ്യ പ്രവർത്തകൻ എന്നീ നിലകളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞു..സെപ്റ്റംബർ 21ന് പിഒസിയിൽ വച്ച് കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലിമിസ് കാതോലിക്കാ ബാവ ഡോ.വർഗ്ഗീസ് മൂലന് അവാർഡ് സമ്മാനിക്കുമെന്ന് കെസിബിസി മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ.ഡോ. എബ്രഹാം ഇരിമ്പിനിക്കൽ പറഞ്ഞു

## കുട്ടികളുടെ ഹൃദയ രോഗ പരിശോധന: ഒക്ടോബർ ഒന്നിന് മെഡിക്കൽ ക്യാമ്പ്

**കൊച്ചി:** റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ കോസ്മോസിന്റെ ആഭിമുഖ്യത്തിൽ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയുമായി സഹകരിച്ചുകൊ്കുട്ടികൾക്ക് വേി ഹൃദയ രോഗ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു.ഒക്ടോബർ ഒന്നിന് എറണാകുളം രാമവർമ ക്ലബ്ബിലാണ് ക്യാമ്പ് നടത്തുന്നത്. ഹൃദയ രോഗ ചികിത്സാവിദഗ്ദ്ധർ പരിശോധനകൾക്ക് നേതൃത്വം നൽകുന്നു. ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം തുടർ ചികിത്സകൾക്ക് സഹായ സഹകരണങ്ങൾ ഉായിരിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേതാണ്.കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക. ഫോൺ 8606200036

## ഗ്ലാം സ്റ്റുഡിയോയുടെ പുതിയ സലൂൺ ആലുവയിൽ ആരംഭിച്ചു



**കൊച്ചി:** സലൂണ് ബ്രാൻഡായ ഗ്ലാം സ്റ്റുഡിയോയുടെ ഏറ്റവും പുതിയ സലൂൺ എറണാകുളം ആലുവയിൽ തുറന്നു. നടി അനുമോളും ഫ്രാഞ്ചൈസി ഉടമ ഒമർ യാസീനും ചേർന്ന് ഉദ്ഘാടനം ചെയ്തത്. ബ്രാൻഡിന് ഇതിനകം രാജ്യത്ത് ഇരുനൂറ്റി അമ്പതിലധികം സലൂണുകൾ ഉ്, അടുത്ത 3 വർഷത്തിനുള്ളിൽ ലോകമെമ്പാടുമുള്ള ഏറ്റവും വലിയ സലൂണുകളുടെ ബ്രാൻഡായി മാറാൻ ആഗ്രഹിക്കുന്നുവെന്ന് സലൂൺ ഫ്രാഞ്ചൈസി ഉടമ ഒമർ യാസീൻ പറഞ്ഞു.ഫേഷ്യലുകൾ, ഹെയർ സ്റ്റൈലിംഗ്, ഹെയർ കളർ, മേക്കപ്പ്, ബ്രൈഡൽസ്, പ്രീബ്രൈഡൽ ഗ്രൂമിംഗ്, കെരാറ്റിൻ, സ്മൂത്തനിംഗ് ചികിത്സകൾ തുടങ്ങിയ സേവനങ്ങൾക്കായി 60% നിരക്കിൽ ഉയർന്ന നിലവാരമുള്ള സേവനങ്ങൾ നൽകുന്നതിൽ ഗ്ലാം സ്റ്റുഡിയോ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇന്ത്യയിലെ ബ്യൂട്ടി ആൻഡ് ഗ്രൂമിംഗ് വിഭാഗത്തിൽ നഗരങ്ങളിലെ ഇടത്തരക്കാർക്കും ഉയർന്ന മധ്യവർഗത്തിനും സേവനം നൽകുന്ന ഒരേയൊരു സലൂൺ ബ്രാൻഡുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് മിസ് അനുമോൾ പറഞ്ഞു.

## അനുരാഗ് മിത്തൽ യുടിഐ സ്ഥിര വരുമാന പദ്ധതികളുടെ മേധാവി



**കൊച്ചി:** യുടിഐ അസറ്റ് മാനേജ്മെന്റ് കമ്പനിയുടെ സ്ഥിര വരുമാന പദ്ധതികളുടെ മേധാവിയായി അനുരാഗ് മിത്തലിനെ നിയമിച്ചു. 2021ൽ സ്ഥിര വരുമാന പദ്ധതികളുടെ ഉപമേധാവിയായാണ് അനുരാഗ് യുടിഐയിൽ പ്രവേശിച്ചത്. സ്ഥിര വരുമാന പദ്ധതികളുടെ ഗവേഷണത്തിലും മാനേജ്മെന്റിലും വൈദഗ്ദ്ധ്യം തെളിയിച്ചതാണ് അനുരാഗിന്റെ നേതൃത്വമെന്ന് യുടിഐ എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ഇംതിയാസുർ റഹ്മാൻ പറഞ്ഞു.

## എൻഐഎഫ് ട്രാൻസ്‌ലേഷൻ ഫെലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ന്യൂ ഇന്ത്യാ ഫൗണ്ടേഷൻ ട്രാൻസ്‌ലേഷൻ ഫെലോഷിപ്പുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഇന്ത്യൻ ഭാഷകളിലെ പ്രധാനപ്പെട്ട നോൺഫിക്ഷൻ കൃതികളിൽ നിന്ന് ഇംഗ്ലീഷിലേക്കുള്ള പരിഭാഷ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എൻഐഎഫ് ഫെലോഷിപ്പുകൾ നൽകുന്നത്. മലയാളത്തിന് പുറമെ ആസാമീസ്, ബാംഗ്ലാ, ഗുജറാത്തി, ഹിന്ദി, കന്നഡ, മറാത്തി, ഒഡിയ, തമിഴ് , ഉറുദു എന്നീ ഭാഷകളിലേക്കാണ് രാം റൗണ്ടിൽ അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. ആദ്യ റൗിൽ ബംഗ്ലാ, കന്നഡ , മറാത്തി എന്നീ ഭാഷകളിലാണ് ഫെലോഷിപ്പ് നൽകിയത്. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വ്യക്തിക്കും ആറ് ലക്ഷം രൂപ ആറ് മാസത്തേക്ക് ഫെലോഷിപ്പായി നൽകും. ഈ വർഷാവസനത്തോടെ ഫെലോകൾ വിവർത്തനം ചെയ്ത കൃതികൾ പ്രസിദ്ധീകരിക്കും. ഇന്ത്യൻ ഭാഷകളിലെ ഇന്ത്യൻ വിജ്ഞാനം കൂടുതൽ പേരിലേക്ക് എത്തിക്കാനുള്ള ഉദ്യമമാണ് ഫെലോഷിപ്പെന്ന് ന്യൂ ഇന്ത്യ ഫൗേഷൻ മാനേജിങ് ട്രസ്റ്റി മനീഷ് സബർവാൾ പറഞ്ഞു. ഡിസംബർ 31 വരെ അപേക്ഷ സമർപ്പിക്കാം. ഭാഷാ പണ്ഡിതർ, പ്രൊഫസർമാർ, അക്കാദമിക് മേഖലയിൽ പ്രവർത്തിക്കുന്നവർ, വിവർത്തകർ, എൻഐഎഫ് ട്രസ്റ്റികൾ എന്നിവരടങ്ങിയ ജൂറിയാണ് അർഹരായവരെ തെരഞ്ഞെടുക്കുകയെന്ന് ബന്ധപ്പെട്ട അധികൃതർ അറിയിച്ചു.

## കാർബൺ പുറന്തള്ളൽ കുറയ്ക്കൽ:

# ക്ലൈമറ്റ് പ്ലെഡ്ജും സി40 സിറ്റീസും ചേർന്ന് ലെയ്ൻ ഷിഫ്റ്റിന് തുടക്കമിടുന്നു

**കൊച്ചി:** ആമസോൺ, ഗ്ലോബൽ ഒപ്റ്റിമിസം, സി40 സിറ്റീസ് എന്നിവർ ചേർന്ന് സ്ഥാപിച്ച ദ ക്ലൈമറ്റ് പ്ലെഡ്ജ് വികസ്വര രാജ്യങ്ങളിലെ ചരക്കു വാഹനങ്ങളുടെ കാർബൺ പുറന്തള്ളുന്നത് കുറയ്ക്കുന്നതിനായി ലെയ്ൻഷിഫ്റ്റ് എന്ന രാജ്യാന്തര ദൗത്യത്തിനു തുടക്കമിട്ടു. ഇടത്തരം, ഹെവി ഡ്യൂട്ടി ചരക്ക് വാഹനങ്ങളുടെയും അവ സഞ്ചരിക്കുന്ന റൂട്ടുകളിലും പുറന്തള്ളുന്നത് പൂജ്യത്തിലാക്കുകയാണ് ലക്ഷ്യമെന്ന് ആമസോൺ വേൾഡ്‌വൈഡ് സസ്റ്റെയിനബിലിറ്റി മേധാവിയും വൈസ് പ്രസിഡന്റുമായ കാരാ ഹേഴ്സ്റ്റ് പറഞ്ഞു. റോഡ് ചരക്ക് ഗതാഗതം വായു മലിനീകരണത്തിന്റെ പ്രധാന സ്രോതസാണ്. ഡീകാർബണൈസേഷൻ ഏറ്റവും ആവശ്യമായ വെല്ലുവിളിയേറിയ മേഖലയാണിത്. ആഗോള വാണിജ്യ വാഹന റോഡ്മാപ്പ് പ്രകാരം 2040ഓടെ പുറന്തള്ളുന്നത് 100 ശതമാനവും ഇല്ലാതാക്കാൻ 2030ഓടെ നഗരങ്ങൾ ഇലക്ട്രിക് ട്രക്കുകളാൽ (ഇവി) സജീവമാക്കേി വരും. ഇത് സാധ്യമാക്കുന്നതിനാണ് ലെയ്ൻ ഷിഫ്റ്റിന് രൂപം നൽകിയിരിക്കുന്നത്. നഗരങ്ങളുമായി സഹകരിച്ച് ഇവി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ഇവി ട്രക്കുകൾ വിന്യസിക്കുകയും ചെയ്യുന്നതിന് ലെയ്ൻഷിഫ്റ്റ് വേഗം കൂട്ടും. ഇന്ത്യയിൽ ബെംഗളൂരു, ഡൽഹി, മുംബൈ, പൂനെ എന്നീ നഗരങ്ങളിലും; ലാറ്റിൻ അമേരിക്കയിലെ കൊളംബിയയിൽ ബോഗോട്ട, മെഡെലിൻ എന്നിവിടങ്ങളിലും ബ്രസീലിലെ കുരിറ്റിബ, റിയോ ഡി ജെനേറിയോ എന്നിവിടങ്ങളിലും ഇക്വഡോറിലെ കിറ്റോയിലും മെക്ക്സിക്കോയിലെ മെക്ക്സിക്കോ സിറ്റിയിലും കാർബൺ പുറന്തള്ളുന്നത് കുറയ്ക്കും, വായു ശുദ്ധമാക്കും, പരിസ്ഥിതി സൗഹാർദ്ദമായ ജോലികൾ സൃഷ്ടിക്കും, തൊഴിലാളികളുടെ പരിവർത്തനത്തിനായി പ്രവർത്തിക്കും.2020ൽ ചരക്ക് ഗതാഗതം പുറം തള്ളിയത് 2.2 ബില്ല്യൻ മെട്രിക് ടൺ കാർബൺ ഡയോക്സൈഡാണ്. ഇത് വായു, കടൽ, റെയിൽ എന്നിവ ചേർന്ന് പുറന്തള്ളിയതിനേക്കാൾ രു മടങ്ങ് അധികമാണ്. ഇത് കുറയുന്ന ലക്ഷണങ്ങളുമില്ലെന്ന് നിലവിലെ കണക്കുകൾ വ്യക്തമാക്കുന്നു. ലെയ്ൻഷിഫ്റ്റിലൂടെ ദ ക്ലൈമറ്റ് പ്ലെഡ്ജ്, സി40 സിറ്റീസ് (ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മേയർമാരുടെ നെറ്റ്‌വർക്ക്), പൊതു സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ, നഗര അധികൃതർ, എൻജിഒകൾ തുടങ്ങിയവർ ചേർന്ന് ഹരിതഗൃഹ വാതക പുറന്തള്ളൽ കുറയ്ക്കാൻ ശ്രമിക്കും. 2050 ഓടെ ചരക്ക് ഗതാഗതം ഇരട്ടിയാകുമെന്ന് പ്രതീക്ഷിക്കുന്ന ലാറ്റിനമേരിക്കയിലെ ഏറ്റവും വലുതും ജനസാന്ദ്രതയുള്ളതുമായ ചില നഗരങ്ങളിലെ ദുർബലരായ സമൂഹങ്ങളെ ബാധിച്ചേക്കാവുന്ന മലിനമായ വായു ശുദ്ധീകരിക്കുന്നതിനും സംഘടനകൾ സംഭാവന നൽകും. 2030ഓടെ ഇന്ത്യയിൽ ചരക്ക് ഗതാഗതം 140 ശതമാനം വളരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡിമാൻഡ് സിഗ്നലുകൾ അയക്കുന്നതിലൂടെയും ഗതാഗത, ലോജിസ്റ്റിക്സ് മേഖലകളെ സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിലൂടെയും ചരക്ക് വ്യവസായവും നഗരങ്ങളും എങ്ങനെ ഇവി ചരക്ക് ഗതാഗതത്തിലേക്കുള്ള പരിവർത്തനം ത്വരിതപ്പെടുത്തുമെന്നതിന് ഒരു റോഡ് മാപ്പ് സൃഷ്ടിക്കാൻ ലെയ്ൻഷിഫ്റ്റ് സഹായിക്കും. പ്രാദേശികം കേന്ദ്രീകരിച്ചുള്ള ഈ സംരംഭത്തിന് ഈ രാജ്യങ്ങളിലെ ആമസോണിന്റെ ഫെഡറൽ, പ്രാദേശിക ശ്രമങ്ങളുടെ പിന്തുണയുാകും.ലാറ്റിൻ അമേരിക്കയിലെയും ഇന്ത്യയിലെയും നഗരങ്ങൾ ട്രക്കുകളുടെ വൈദ്യുതവൽക്കരണത്തിന് മികച്ച അവസരങ്ങൾ നൽകുന്നു. ആരോഗ്യവുമുള്ള പരിസ്ഥിതിയിലേക്കുള്ള മാറ്റത്തിന് വേഗം കൂട്ടാൻ ഈ മേഖലയിലെ സഹകരണം നിർണായകമാണെന്നും കാരാ ഹേഴ്സ്റ്റ് പറഞ്ഞു. ഡീകാർബണൈസേഷനിൽ ഏറ്റവും പ്രാധാന്യമുള്ളതും വെല്ലുവിളിയേറിയതുമാണ് ചരക്ക് ഗതാഗതമെന്നും സി40യുടെയും ക്ലൈമറ്റ് പ്ലെഡ്ജിന്റെയും സവിശേഷമായ ഈ സഹകരണത്തിലൂടെ കാലാവസ്ഥ പ്രവർത്തനങ്ങളുടെ മുൻനിരയിലുള്ള നഗരങ്ങളെയും ബിസിനസുകളെയും ലെയ്ൻഷിഫ്റ്റ് ഒരുമിപ്പിക്കുമെന്നും ഇത്തരം സഹകരണങ്ങൾ വിജയത്തിന് അനിവാര്യമാണെന്നും ഗ്ലോബൽ ഒപ്റ്റിമിസം സ്ഥാപക പാർട്നർ ടോം റിവെറ്റ് -കർണാക് പറഞ്ഞു.

# സോണി ഇസഡ്–വി 1 II വ്ളോഗ് ക്യാമറ പുറത്തിറക്കി

**കൊച്ചി:** സോണി ഇന്ത്യ വ്ളോഗ് ക്യാമറ ഇസഡ് വി സീരീസിലെ ഏറ്റവും പുതിയ രാം തലമുറ ക്യാമറ ഇസഡ്-വി1 II പുറത്തിറക്കി. ഉപഭോക്താക്കൾ കൂടുതലായും ആവശ്യപ്പെട്ട വിപണിയിലെ മുൻനിര ഫീച്ചറുകളുമായാണ് അൾട്രാ വൈഡ് ആംഗിൾ സൂം വ്ളോഗിങ് ക്യാമറയായ ഇസഡ്-വി1 II ക്യാമറ അവതരിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.ഇസഡ്-വി1 നേക്കാൾ വിശാലമായ ആംഗിളിൽ ആകർഷകമായ ഫോട്ടോജെനിക് ഇമേജ് നിലവാരത്തോടെ കൂടുതൽ ആകർഷകമായ ഉള്ളടക്കങ്ങൾ സൃഷ്ടിക്കാൻ ഇസഡ്-വി1 II വ്ളോഗർമാരെ സഹായിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. 1.0 ടൈപ്പ് എക്സ്മോർ ആർഎസ് ഇമേജ് സെൻസർ, ബിയോൻസ് എക്സ് ഇമേജ് പ്രോസസിങ് എഞ്ചിൻ, ഇസഡ്ഇഐഎസ്എസ് വേരിയോസോനാർ ടി 1850എംഎം എഫ്1.84 ലെൻസ് എന്നിവ ഉപയോഗിച്ച് വിവിധ തലങ്ങളിലുള്ള ഉള്ളടക്കങ്ങൾ പകർത്താൻ ഇസഡ്-വി1 II ക്രിയേറ്റർമാരെ സഹായിക്കും. മുഴുവൻ സീനിനൊപ്പം ആകർഷകമായ ഫോട്ടോജെനിക് ഇമേജ് പകർത്തുന്നത് എളുപ്പമാക്കുന്നതാണ് 18എംഎം വൈഡ് ആംഗിൾ വ്യൂ ഫീച്ചർ. 1850 എംഎം ഒപ്റ്റിക്കൽ സൂമും ക്ലിയർ ഇമേജ് സൂമും ചിത്രങ്ങളെ സുഗമമായി വലുപ്പത്തിലാക്കാനും സഹായകരമാവും. ബൊക്കെ സ്വിച്ചുള്ള 1.0 ടൈപ്പ് സെൻസർ, സിനിമാറ്റിക് വ്ളോഗ് സെറ്റിങ്, ക്രിയേറ്റീവ് ലുക്ക്, ഫാസ്റ്റ് ഹൈബ്രിഡ്



എഎഫ് സിസ്റ്റം, റിയൽടൈം ഐ എഎഫ്, ബിൽറ്റ്ഇൻ മൈക്രോഫോൺ, ഫേസ് പ്രയോറിറ്റി എഇ, സോഫ്റ്റ് സ്കിൻ ഇഫക്റ്റ്, പ്രോഡക്ട് ഷോകേസ് സെറ്റിങ്, എസ് ആന്റ് ക്യൂ ഷൂട്ട് മോഡ്, ബിൽറ്റ്ഇൻ എൻഡി ഫിൽട്ടർ തുടങ്ങിയ ഫീച്ചറുകളും ഇസഡ് -വി1 II ൽ ഉൾക്കൊള്ളിച്ചിട്ടുന്നെും കമ്പനി അധികൃതർ വ്യക്തമാക്കി.സെപ്റ്റംബർ 25 മുതൽ സോണി സെൻറർ, ആൽഫ ഫ്ളാഗ്ഷിപ്പ് സ്റ്റോറുകൾ, സോണി അംഗീകൃത ഡീലർമാർ, ഇകൊമേഴ്സ് വെബ്സൈറ്റുകൾ (ആമസോൺ, ഫ് ളിപ്കാർട്ട്) എന്നിവയിലും ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും ഇസഡ്വി1 കക ഇസഡ്‌വി-1 II വ്ളോഗ് ക്യാമറ ലഭ്യമാവും. 86,990 രൂപയാണ് വില.

# ഇറ്റലിയിൽ ഭക്ഷ്യ സംസ്കരണ കേന്ദ്രവും കയറ്റുമതി ഹബ്ബും തുറന്ന് ലുലു




**മിലാൻ :** ലോകോത്തര ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ ഉപഭോക്താക്കൾക്ക് ഉറപ്പ് നൽകുന്ന ലുലു ഇറ്റലിയിലും സാന്നിധ്യം അറിയിച്ചു. വടക്കൻ ഇറ്റലിയിലെ ഏറ്റവും വലിയ മെട്രോപൊളിറ്റൻ നഗരങ്ങളിൽ ഒന്നായ മിലാനിൽ ആണ് 'വൈ ഇന്റർനാഷണൽ ഇറ്റാലിയ' എന്ന ഭക്ഷ്യ സംസ്കരണ കയറ്റുമതി കേന്ദ്രം തുറന്നത്.ഇറ്റാലിയൻ സാമ്പത്തിക വികസനകാര്യ മന്ത്രി ഗൈഡോ ഗൈഡസി, ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലിയുടെ സാന്നിധ്യത്തിൽ പുതിയ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.ഭക്ഷ്യ സുരക്ഷ പ്രോത്സാഹനത്തിനുള്ള നിർണായക ചുവടുവെപ്പ് കൂടിയാണ് ലുലു നടത്തിയിരിക്കുന്നത്. സുഗമമായി ഭക്ഷ്യ ഉത്പന്നങ്ങളുടെ ലഭ്യതയും കയറ്റുമതിയും വില സ്ഥിരതയും ഉറപ്പാക്കുകയാണ് ലുലു. ഇറ്റലിക്ക് പുറമെ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും ഭക്ഷ്യ ഉത്പന്നങ്ങൾ, 'വൈ ഇന്റർനാഷണൽ ഇറ്റലിയ'യിലൂടെ ലുലുവിന്റെ ഭക്ഷ്യ വിതരണ ശൃംഖലയുടെ ഭാഗമാവുകയാണ്.ഇടനിലക്കാരെ ഒഴിവാക്കി വില സ്ഥിരതയോടെ ഗുണനിലവാരമുള്ള ഭക്ഷ്യ ഉത്പന്നങ്ങൾ ഉറപ്പാക്കുക എന്ന ലുലുവിന്റെ ലക്ഷ്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ഇറ്റലിയിലെ പുതിയ ചുവട് വെയ്പ്പെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലി പറഞ്ഞു. ഇറ്റലിയുടെതനതായ ഭക്ഷ്യ സംസ്കാരം, ഉത്പന്നങ്ങൾ എന്നിവ അന്താരാഷ്ട്ര തലത്തിൽ കൂടുതൽ പരിചയപ്പെടുത്തുക കൂടിയാണ് ഈ പദ്ധതിയുടെ ദൗത്യം. വ്യത്യസ്തങ്ങളായ പഴങ്ങൾ, പച്ചക്കറികൾ, ഇറ്റാലിയൻ ഉത്പന്നങ്ങൾ എന്നിവ ലുലുവിന്റ 255 ഹൈപ്പർ മാർക്കറ്റുകളിൽ ലഭ്യമാക്കും.ര് വർഷത്തിനകം 200 മില്യൺ യൂറോയുടെ കയറ്റുമതിയാണ് ലുലു ഇറ്റലിയിൽ നിന്ന് ലക്ഷ്യമിടുന്നത്. പ്രാദേശിക തലത്തിലെ കർഷകർ, സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനാൽ ഇറ്റലിയുടെ കാർഷിക മേഖലയിൽ കൂടുതൽ പുരോഗതിക്ക് വഴി തുറക്കുകയും അധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുമെന്ന് യൂസഫലി കൂട്ടിച്ചേർത്തു.ഇറ്റാലിയൻ ആപ്പിൾ, മുന്തിരി, കിവി അടക്കം മെഡിറ്ററേറിയൻ മേഖലയിലെ പഴങ്ങൾ, പച്ചക്കറികൾ, ഇറ്റലിയുടെ തനതായ ചീസ്, ചോക്ലേറ്റ്, ഫ്രൂട്ട് ജാം, പേസ്ട്രി, പാസ്ത, ശുദ്ധമായ ഒലിവ് എണ്ണ, ഉയർന്ന നിലവാരമുള്ള സമുദ്രോത്പന്നങ്ങൾ അടക്കം പ്രത്യേകം ശേഖരിച്ചു ലുലുവിന്റെ വിതരണ ശൃംഖലയുടെ ഭാഗമാക്കും.ഇറ്റലിയും അറബ് സമൂഹവും തമ്മിലുള്ള വ്യാപാര ബന്ധം കൂടുതൽ ശക്തിപ്പെടുന്നതിന് ഈ പദ്ധതി കാരണമാകുമെന്നും എല്ലാവിധ പിന്തുണയും സഹകരണവും ഉറപ്പ് നൽകുന്നുവെന്നും ചടങ്ങിൽ മുഖ്യാതിഥിയായ ഇറ്റാലിയൻ മന്ത്രി ഗൈഡോ ഗൈഡസി പറഞ്ഞു.ഇറ്റാലിയൻ നിക്ഷേപ പ്രോത്സാഹന വിഭാഗം തലവൻ റോബർട്ടോ റിസാർഡോ, ഇറ്റാലിയൻ ട്രേഡ് ഏജൻസി ഡയറക്ടർ വലേരിയോ സോൾഡാനി, ഇറ്റലിയിലെ അറബ് ചെമ്പർ ഓഫ് കോമേഴ്സ് ചെയർമാൻ സിസരി ട്രേവോസാനി, യു എ ഇ എംബസി ചാർജ്ജ് ഡി അഫയേഴ്സ് നാസർ അൽ ഖാജ, ലുലു ഗ്രൂപ്പ് ഡയറക്ടർ മുഹമ്മദ് അൽത്താഫ്, ലുലു ഗ്രൂപ്പ് ഇറ്റലി മേധാവി അലസ്സാൻഡ്രോ സിമോൺ എന്നിവരും സംബന്ധിച്ചു.യുകെ, യുഎസ്എ, സ്പെയിൻ, തുർക്കി, വിയറ്റ്നാം, തായ്‌ലൻഡ്, ചൈന, സൗത്ത് ആഫ്രിക്ക എന്നിവിടങ്ങളിലും ലുലു ഗ്രൂപ്പിന്റെ ഭക്ഷ്യ സംസ്കരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

## രണ്ട് മാസത്തിനുള്ളിൽ 50,000 ബുക്കിംഗുകൾ പിന്നിട്ട് കിയ സെൽറ്റോസ്




**കൊച്ചി:** കിയയുടെ പുതിയ സെൽറ്റോസിന്റെ ബുക്കിംഗുകൾ 2 മാസത്തിനുള്ളിൽ 50,000 പിന്നിട്ടു. ഇതോടെ, മിഡ്എസ് യു വി സെഗ്മെന്റിൽ ഏറ്റവും വേഗതത്തിൽ ഇത്രയും ബുക്കിങ് എന്ന നേട്ടവും കിയ കൈവരിച്ചു. സെൽറ്റോസ് ഈ മാസം ആഭ്യന്തര വിപണിയിൽ 4 ലക്ഷവും, കയറ്റുമതി ഉൾപ്പെടെ 5.47 ലക്ഷവും വാഹനങ്ങളുടെ വിൽപ്പന പൂർത്തിയാക്കി.പരിഷ്കരിച്ച ഡിസൈൻ, സ്പോർട്ടി പെർഫോമൻസ്, മികച്ച എക്സ്റ്റീരിയർ എന്നിങ്ങനെ അത്യാധുനിക സാങ്കേതികവിദ്യകൾ അടങ്ങിയ പുതിയ സെൽറ്റോസ് ജൂലായ് 21നാണ് കിയ പുറത്തിറക്കിയത്. 15 അതിസുരക്ഷാ ഫീച്ചറുകളും 17 എഡിഎഎസ് ലെവൽ 2 ഓട്ടോണമസ് ഫീച്ചറുകളും ഉൾപ്പെടെ 32 സവിശേഷതകളും വാഹനത്തില്. ഡ്യുവൽ സ്ക്രീൻ പനോരമിക് ഡിസ്പ്ലേ, ഡ്യുവൽ സോൺ ഫുള്ളി ഓട്ടോമാറ്റിക് എയർ കീഷണർ, ഡ്യുവൽ പാൻ പനോരമിക് സൺറൂഫ് എന്നിവയും സെൽറ്റോസിൽ സജ്ജീകരിച്ചിച്ചിട്ടു്.പുതിയ കാലത്തെ ഉപഭോക്താക്കൾക്ക് ഏറ്റവും വിശ്വസനീയവും സൗകര്യപ്രദവുമായ ഡ്രൈവിംഗ് അനുഭവമായി സെൽറ്റോസ് മാറിയിരിക്കുകയാണെന്നും വർധിത ഡിമാൻഡിന് അനുസരിച്ച് ഉൽപ്പാദനം ഒപ്റ്റിമൈസ് ചെയ്ത് കാത്തിരിപ്പ് കാലയളവ് പരമാവധി കുറയ്ക്കാൻ ശ്രമിക്കുന്നുന്നെും സെൽറ്റോസിന്റെ വിജയത്തെക്കുറിച്ച് അഭിപ്രായപ്പെട്ടുകൊ് കിയ ഇന്ത്യയുടെ ചീഫ് സെയിൽസ് ആൻഡ് ബിസിനസ് ഓഫീസർ മ്യുങ്സിക് സോൺ പറഞ്ഞു.

## ഐഎസ്എൽ:
## കേരളാ ബ്ലാസ്റ്റേഴ്സ് ഹോം മൽസര ടിക്കറ്റുകൾ പേടിഎമ്മിലും പേടിഎം ഇൻസൈഡറിലും




**കൊച്ചി:** ഐ.എസ്.എൽ 2023-24 സീസണിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഹോം മൽസരങ്ങളുടെ ടിക്കറ്റിങ്ങിനായുള്ള ഔദ്യോഗിക അവകാശം പേടിഎമ്മും പേടിഎം ഇൻസൈഡറും കരസ്ഥമാക്കി. കേരളാ ബ്ലാസ്റ്റേഴ്സ് എഫ്സിയും ബംഗലൂരു എഫ്സിയും തമ്മിൽ സെപ്റ്റംബർ 21ന് നടക്കുന്ന പോരാട്ടത്തോടെയാവും കൊച്ചി ജവഹർലാൽ നെഹ്രു സ്റ്റേഡിയത്തിൽ ഇത്തവണത്തെ മൽസരങ്ങൾക്കു തുടക്കം കുറിക്കുക. പേടിഎം , പേടിഎം ഇൻസൈഡർ എന്നിവയിലൂടെ ഇതിനായുള്ള ടിക്കറ്റുകൾ ഇപ്പോൾ ബുക്കു ചെയ്യാം.കുടുതൽ വിവരങ്ങൾക്ക് പേടിഎമ്മിലോ പേയിഎം ഇൻസൈഡറിലോ ലോഗിൻ ചെയ്യുക.

# സ്വർണവായ്പ വിതരണം ശക്തിപ്പെടുത്തി ഡിബിഎസ് ബാങ്ക്

**കൊച്ചി:** ഡിബിഎസ് ബാങ്ക് ഇന്ത്യ പുതിയ മൂല്യവർധിത സേവന ശ്രേണിയിലൂടെ സ്വർണ വായ്പ വിഭാഗം ശക്തിപ്പെടുത്തുന്നു. സ്വർണവായ്പയിൽ സ്വർണ നിലവാരം (ഗോൾഡ് ലോണിൽ ഗോൾഡ് സ്റ്റാൻഡേർഡ്) കൊുവരിക എന്നതാണ് ഇതിലൂടെ ബാങ്ക് ലക്ഷ്യമിടുന്നതെന്ന് ഡിബിഎസ് ബാങ്ക് ഇന്ത്യ കൺസ്യൂമർ ബാങ്കിംഗ് ഗ്രൂപ്പ് അസറ്റ്സ്, സ്ട്രാറ്റജിക് അലയൻസസ് മേധാവി, എംഡി സജിഷ് പിള്ള പറഞ്ഞു.മുഖ്യമായും തെക്കേയിന്ത്യയിലെ കാർഷകരിൽ നിന്ന് ലഭിച്ച മികച്ച ഉപയോക്ത്യാനുഭത്തിലൂടെയും ഉയർന്ന ഡിമാൻറിലൂടെയും ഡിബിഎസ് ബാങ്ക് ഇന്ത്യ 350 ഇടങ്ങളിലെ 530 ശാഖകളിലൂടെ സ്വർണവായ്പ ബിസിനസിൽ സമീപ കാലത്ത് മികച്ച വളർച്ചയാണ് കൈവരിച്ചത്. ഡിബിഎസ് സ്വർണവായ്പകൾ വ്യക്തിഗത ആവശ്യങ്ങൾക്കും ബിസിനസിനും 30 മിനിറ്റിനുള്ളിൽ വേഗത്തിലുള്ള ലോൺ വിതരണം ലഭ്യമാക്കുന്നു. ശമ്പളക്കാർ, പ്രൊഫഷണലുകൾ, ചെറുകിട ബിസിനസുകാർ, സ്വയം തൊഴിൽ ചെയ്യുന്നവർ തുടങ്ങി വിവിധ മേഖലയിലുള്ളവർക്ക് ഉന്നത നിലവാരമുള്ള ബാങ്കിങ് സേവനത്തോടെ ആകർഷകമായ പലിശ നിരക്കിലാണ് വായ്പ ലഭ്യമാക്കുന്നത്.25,001 രൂപ മുതൽ 50 ലക്ഷം രൂപ വരെ സ്വർണവായ്പ ലഭ്യമാകും. മികച്ച സേവനത്തിന് 2009 മുതൽ 2022 വരെയുള്ള തുടർച്ചയായ 14 വർഷം ഗ്ലോബൽ ഫിനാൻസിൻറെ 'ഏഷ്യയിലെ ഏറ്റവും സുരക്ഷിതമായ ബാങ്ക്' എന്ന ബഹുമതി നേടിയിട്ടു്. ഡിബിഎസ് സ്വർണവായ്പകൾ വ്യക്തികളെയും ബിസിനസുകളെയും അവരുടെ സ്വർണ ആസ്തിയുടെ യഥാർത്ഥ മൂല്യം ഉപയോഗപ്പെടുത്തി അവരുടെ വിപുലമായ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുകയും ചെയ്യുന്നുവെന്നും സജിഷ് പിള്ള പറഞ്ഞു.ഉപയോക്താക്കൾക്ക് പലിശ നിരക്ക് ലാഭിക്കുന്നതിന് മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ഡിബിഎസ് ബാങ്ക് ഇന്ത്യയിലേക്ക് അവരുടെ കുടിശ്ശികയുള്ള വായ്പ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടു്. നിലവിൽ ഡിബിഎസ് ബാങ്ക് ഇന്ത്യയുടെ സ്വർണ്ണ വായ്പ ബുക്ക് 6300 കോടി രൂപ കവിഞ്ഞു, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇത് ഇരട്ടിയിലേറെയാക്കാനാണ് ബാങ്ക് ലക്ഷ്യമിട്ടിരിക്കുന്നതെന്നും സജിഷ് പിള്ള പറഞ്ഞു.

DBS
Live more, Bank less

## ഐഡിബിഐ ബാങ്ക് ഫിക്സഡ് ഡിപ്പോസിറ്റ് ഉത്സവ ഓഫറുകൾ ദീർഘിപ്പിച്ചു

IDBI BANK

**കൊച്ചി:** ഐഡിബിഐ ബാങ്ക് 'അമൃത് മഹോത്സവ് എഫ്ഡി' സ്കീമുകളിൽ ഉത്സവ ഓഫറുകൾ ദീർഘിപ്പിച്ചു. പരിമിതകാല പ്രമോഷന് കീഴിൽ, 444 ദിവസത്തെ ഓപ്ഷൻ പ്രതിവർഷം 7.75% നിരക്ക് വാഗ്ദാനം ചെയ്യുന്നു. ഇതുകൂടാതെ, 375 ദിവസത്തെ ഓപ്ഷൻ പ്രതിവർഷം 7.60% വരെ നിരക്ക് നൽകുന്നു. ദീർഘിപ്പിച്ച ഉത്സവകാല ഓഫർ 2023 ഒക്ടോബർ 31 വരെയുള്ള പരിമിത കാലത്തേക്ക് ലഭ്യമാകുമെന്ന് ഐഡിബിഐ ബാങ്ക് അധികൃതർ വ്യക്തമാക്കി.കൂടാതെ, 271 ദിവസം മുതൽ ഒരു വർഷത്തിൽ താഴെ വരെയുള്ള മെച്യൂരിറ്റി സ്ലാബിൽ ബാങ്ക് 50 ബേസിസ് പോയിന്റ് (യുഠ) പലിശനിരക്കുകൾ ആകർഷകമാക്കി പ്രതിവർഷം 6.75% എന്ന ഉയർന്ന നിരക്ക് വാഗ്ദാനം ചെയ്യുന്നുവെന്നും ഐഡിബിഐ ബാങ്ക് അധികൃതർ വ്യക്തമാക്കി.

## ഇൻഡികോ ബാർബ് ;

# കൃത്രിമ പ്രജനന സാങ്കേതിക വിദ്യ വികസിപ്പിച്ച് കുഫോസ് ശാസ്ത്രജ്ഞർ



**കൊച്ചി:** ഉയർന്നതോതിൽ വംശനാശ ഭീഷണി നേരിടുന്ന ഇന്ത്യയിലെ തനതു അലങ്കാര മത്സ്യമായ ഇൻഡികോ ബാർബിന്റെ കൃത്രിമ പ്രജനന സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിൽ കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിലെ (കുഫോസ്) ശാസ്ത്രജ്ഞർ വിജയം കൈവരിച്ചു. ഗോവയിലും കർണ്ണാടകയിലും കന്യാവനങ്ങളിലെ തെളിനീരിൽ കണ്ടുവന്നിരുന്ന പരൽ ഇനത്തിൽപ്പെട്ട അപൂർവ്വ മത്സ്യമാണ് ഇൻഡിഗോ ബാർബ്. അന്താരാഷ്ട്ര അലങ്കാര മത്സ്യവിപണയിൽ മൂന്ന് ഡോളർ വില ലഭിക്കുന്ന ഇൻഡിഗോ ബാർബിനെ വൻതോതിൽ പിടിച്ചെടുത്ത് കയറ്റുമതി ചെയ്തതോടെയാണ് മത്സ്യം വംശനാശത്തിന്റെ വക്കിലെത്തിയത്.വംശനാശത്തിൽ നിന്ന് ഇൻഡിഗോ ബാർബിനെ രക്ഷിക്കാനായി ഗോവയിലെ കേന്ദ്ര തീരദേശ കാർഷിക ഗവേഷണ കേന്ദ്രവും (സി.സി.എ.ആർ.ഐ) കുഫോസും ചേർന്ന് നടത്തിയ രണ്ട് വർഷത്തെ ഗവേഷണ പദ്ധതിയിയാണ് വിജയം കൈവരിച്ചത്. കുഫോസിലെ ഫിഷറീസ് റിസോഴ്സസ് മാനേജ്മെൻറ് ഡിപ്പാർട്ട്മെൻറിലെ അധ്യാപകനായ ഡോ.അൻവർ അലിയുടെ നേതൃത്വത്തിലുള്ള ഗവേഷണ സംഘമാണ് ഇൻഡിഗോ ബാർബിൻറെ കൃതിമ പ്രജനന സാങ്കേതിക വിദ്യ വികസിപ്പിച്ചത്. അലങ്കാര മത്സ്യകർഷകർക്ക് കൃതിമടാങ്കുകളിൽ 80 ദിവസങ്ങൾ കൊണ്ട് കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിപണയിലേക്ക് എത്തിക്കാൻ കഴിയുന്ന വിധമാണ് കൃതിമ പ്രജനന സങ്കേതിക വിദ്യ ക്രമപ്പെടുത്തിയിരിക്കുന്നതെന്ന് ഡോ.അൻവർ അലി പറഞ്ഞു. ഗോവയിലെ കന്യാവനങ്ങളിലെ നീർച്ചാലുകളിൽ മാസങ്ങൾ നീണ്ട തെരച്ചിലിനൊടുവിൽ കണ്ടെത്തിയ മാതൃമത്സ്യങ്ങളെ കുഫോസിലെ ഹാച്ചറിയിലെത്തിച്ച് നടത്തിയ പരീക്ഷണങ്ങളിലൂടെയാണ് കൃതിമ പ്രജനനസാങ്കേതിക വിദ്യ വികസിപ്പിച്ചത്.കുഫോസ് വികസിപ്പിച്ച കൃതിമ പ്രജനന സാങ്കേതിക വിദ്യയിലൂടെ ഉദ്പാദിപ്പിച്ച ഇൻഡിഗോ ബാർബ് കുഞ്ഞുങ്ങളെ കുഫോസിൽ നടന്ന ചടങ്ങിൽ വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ.ഡെയ്സി കാപ്പൻ സി.സി.എ.ആർ.ഐ ഡയക്ടർ ഡോ.പ്രവീൺകുമാറിന് കൈമാറി. സാങ്കേതിക വിദ്യ മത്സ്യകർഷക്ക് കൈമാറുന്നതിനോടൊപ്പം ഇൻഡിഗോ ബാർബിൻറെ തനതു ആവാസ വ്യവസ്ഥയായ കന്യാവനങ്ങളിലെ നീർച്ചാലുകളിൽ കുഞ്ഞുങ്ങളെ നിക്ഷേപിക്കുമെന്ന് ഡോ.പ്രവീൺകുമാർ പറഞ്ഞു. സി.സി.എ.ആർ.ഐ ശാസ്തജ്ഞൻ ഡോ.ജി.ബി.ശ്രീകാന്ത്, കുഫോസ് പ്ളാനിങ്ങ് ഡയറക്ടർ ഡോ.എം.എസ്.രാജു, അധ്യാപകരായ ഡോ.കെ.രഞ്ജീത്ത് ഡോ.രാധിക രാജശ്രീ, ഡോ.അനു ഗോപിനാഥ്, ഡോ.എം.പി.സഫീന, കൃതിമ പ്രജനന സാങ്കേതിക വിദ്യ വികസിപ്പിച്ച ഡോ.അൻവർ അലി. മെൽബിൽ ലാൽ എന്നിവർ പങ്കെടുത്തു.

## കേരള മീഡിയ അക്കാദമി അവാർഡ് : ഒക്ടോബർ 5 വരെ അപേക്ഷിക്കാം

KERALA MEDIA ACADEMY

**കൊച്ചി:** കേരളത്തിലെ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ മികച്ച മാഗസിനുകൾക്ക് കേരള മീഡിയ അക്കാദമി അവാർഡ് നൽകുന്നു. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പങ്കെടുക്കാം.2022 –2023 അദ്ധ്യയനവർഷത്തിൽ പ്രസിദ്ധീകരിച്ചതായിരിക്കണം മാഗസിൻ. ഒന്നാം സമ്മാനം 25000 രൂപയും മുഖ്യമന്ത്രിയുടെ ട്രോഫിയും രണ്ടാം സമ്മാനം 15,000 രൂപയും ട്രോഫിയും മൂന്നാം സമ്മാനം 10,000 രൂപയും ട്രോഫിയുമായിരിക്കും. മാഗസിന്റെ അഞ്ചു കോപ്പികൾ സഹിതം ഒക്ടോബർ 5നകം ഇനി കാണുന്ന മേൽവിലാസത്തിൽ അയക്കുക: സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി682030 (ഫോൺ: 0471 2726275, 04842422068)

# എൻ.എച്ച് അൻവർ മാധ്യമ പുരസ്കാരം സി.എൽ. തോമസിന്



**കൊച്ചി :** കേബിൾ ടിവി ഓപ്പറേറ്റേഴ്സ് അസോസിയേഷൻ (സിഒഎ) സംസ്ഥാന പ്രസിഡന്റായിരുന്ന എൻ.എച്ച് അൻവറിന്റെ സ്മരണാർത്ഥം എൻ.എച്ച് അൻവർ ട്രസ്റ്റ് നൽകി വരുന്ന അഞ്ചാമത് ടെലിവിഷൻ മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു. മാധ്യമ രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ആജീവനാന്ത പുരസ്കാരത്തിന് പ്രമുഖ മാധ്യമ പ്രവർത്തകനും ദ ഐഡം ചീഫ് എഡിറ്ററുമായ ശ്രീ.സി.എൽ. തോമസ് അർഹനായി. ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ, മീഡിയവൺ ടിവി എഡിറ്റർ ഇൻ ചീഫ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 25,000 രൂപയും ശില്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് അവാർഡ്.സാറ്റലൈറ്റ് ന്യൂസ് ചാനൽ വിഭാഗത്തിൽ മികച്ച മാധ്യമ പ്രവർത്തകയായി ഏഷ്യാനെറ്റ് ന്യൂസ് ചീഫ് റിപ്പോർട്ടർ അഖില നന്ദകുമാറിനെ തെരഞ്ഞെടുത്തു. വർധിച്ചുവരുന്ന മയക്കുമരുന്നുപയോഗം യുവജനങ്ങളിലും സമൂഹത്തിലും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കാൻ പര്യാപ്തമാകുംവിധം മയക്കുമരുന്നു മാഫിയയുടെ പ്രവർത്തനങ്ങളെയും മയക്കുമരുന്നിന്റെ പിടിയിൽ നിന്ന് രക്ഷപ്പെട്ടവരുടെ വെളിപ്പെടുത്തലുകളെയും അടിസ്ഥാനമാക്കി സമഗ്രമായ റിപ്പോർട്ടുകൾ തയ്യാറാക്കിയതിലെ മികവാണ് അഖില നന്ദകുമാറിനെ പുരസ്കാരത്തിന് അർഹയാക്കിയത്. പതിനായിരം രൂപയും ശില്പവുമാണ് പുരസ്കാരം.കേബിൾ ടിവി ചാനലുകളിലെ മികച്ച മാധ്യമ പ്രവർത്തകനായി കണ്ണൂർ വിഷൻ ബ്യൂറോ ചീഫ് മനോജ് മയ്യിലിനെ തെരഞ്ഞെടുത്തു. ടിസിവി ന്യൂസ് തൃശ്ശൂർ ബ്യൂറോ ചീഫ് മുകേഷ് ലാൽ പുരസ്കാര ജൂറിയുടെ പ്രത്യേക പരാമർശത്തിനർഹനായി. കേബിൾ ടിവി ചാനലുകളിലെ മികച്ച വാർത്താധിഷ്ഠിത പരിപാടിക്കുള്ള പുരസ്കാരത്തിന് വയനാട് വിഷൻ ചാനലിലെ വി. കെ രഘുനാഥ് അവതരിപ്പിക്കുന്ന ട്രൂ സെൻസ് അർഹമായി. കേബിൾ ടിവി ചാനലുകളിലെ മികച്ച പ്രോഗ്രാം പ്രൊഡ്യൂസറായി വയനാട് വിഷൻ ചാനലിലെ ശ്രുതി കെ ഷാജിയെ തെരഞ്ഞെടുത്തു. വേരുകൾ എന്ന പരിപാടിയാണ് ശ്രുതിയെ പുരസ്കാരത്തിന് അർഹയാക്കിയത്. കേബിൾ ടിവി ചാനലുകളിലെ മികച്ച വിഷ്വൽ എഡിറ്ററായി വയനാട് വിഷൻ ചാനലിലെ സഞ്ജയ് ശങ്കരനാരായണനും മികച്ച ക്യാമറാ പേഴ്സണായി വയനാട് വിഷൻ ചാനലിലെ അനീഷ് നിളയെയും തെരഞ്ഞെടുത്തു.ഡോ. സി.എസ് വെങ്കിടേശ്വരൻ ചെയർമാനും എംഎസ് ബനേഷ്, എൻ.ഇഹരികുമാർ എന്നിവരുമടങ്ങുന്ന ജൂറിയാണ് പുരസ്കാര ജേതാക്കളെ തെരഞ്ഞെടുത്തത്.സെപ്തംബർ 23ന് കൊച്ചി ബോൾഗാട്ടി ഗ്രാന്റ് ഹയാത്തിൽ നടക്കുന്ന കേരളവിഷൻ സംരംഭക കൺവെൻഷനിൽ മുതിർന്ന മാധ്യമ പ്രവർത്തകൻ ഡോ. സെബാസ്റ്റിയൻ പോൾ അവാർഡുകൾ വിതരണം ചെയ്യും.

